**Durga-Das, The Rahtore**—Publishers—Messrs. Macmillans. Price Re. 1.—Europe can boast of only one William Tell. Among the Rajput clans of West India nobles and vassals have taken more risks in a day than Tell in the whole of his life-time, and greater sacrifices than his have been made, and equal love and loyalty shown, as the Rajputs tried to protect their freedom from the Delhi yoke. A fight for liberty is all the more interesting when one party is pronouncedly weaker than the other. So the history of the long struggle of the handful of Rajput Chieftains against the legions from imperial Delhi has been a rich field for the romance-writer. In "*Durga Das, the Rahtore*" is given the story of how the men and brains of Durga Das, tried their mettle with the men and brains of Aurangazeb; and how Durga Das, outwitting Aurangazeb with the aid of the Madar Yogi, installed on the Rahtore Gadi, Prince Ajit, the posthumous son of the Rahtore chieftain Jaswant murdered by Aurangazeb. The book (illustrated) abounds in marches and war-cries but ends in dances and wedding-songs. It is a noble story and well told, and will prove very interesting reading to anybody, specially to students of Indian History.

**The Story of Civilization**—by C. E. M. Joad. **The Greeks**—by Rosalind Murray.

These little books, each priced Re. 1·11-6, in their attractive wrappers are published by Messrs. Macmillans in India in "The How-and-Why" series the aim of which is to "build up a library of general knowledge and culture" written so as to make each subject intelligible to children as also interesting to grown-ups.

**The Greeks**—herein twelve chapters titled—Why they matter to us, Religion, Sparta, Athens, Pericles and so on, we are told, with the aid of maps and pictures, the rise and fall of these great people, who, though surrounded by barbarism, attained astonishing heights in learning and civilisation. The history of the Athenian Empire has been handled with consummate skill, but the section in no way detracts from the beautiful proportion of the scheme of the book. In the thirteenth chapter "What has gone on," the author describes the cultural empire which the ancient Greeks have gone on widening long after their political empires had fallen.

**The Story of Civilization**— is also a very interesting volume. The author sets out to convince the youthful reader that civilization is not merely "wearing proper clothes, riding in cars, having money and spending it in shops." He describes in different chapters the teachings of great religions, the discovery

of various things by scientists, how knowledge has spread and so on. He explains that civilization means "making and liking beautiful things, thinking freely and living rightly and maintaining justice equally between man and man." So according to him the present so-called civilization is neither the greatest, nor is it likely to be permanent.

**The Elements of Algebra** or **The Three Authors' Algebra**—Revised by Mr. N. Panchapakesa Aiyar, B. A., L. T., Lecturer in Mathematics, Findlay College, Mannargudi. Sreenivasa Varadachari & Co., Madras. Price Rs. 2.

A welcome publication. Mr. Panchapakesa Aiyar was handling the subject in the Sixth Form for about 25 years. The book reveals, in each chapter, his rich and valuable experience. The examples are exhaustive and are so graded as to present little difficulty to the student. The old chapters have been rearranged more logically, and the new chapters on Graphs, undetermined co-efficients and the Remainder Theorem are very useful to the Students for the S. S. L. C. There is a chapter on Arithmetical examination. Progression, too, could have been added so as to meet all the requirements of the syllabus. The get up of the book is good and I have much pleasure to recommend it to mathematics teachers and students of all the High Schools in South India.

C. R. K. I.

**Easy Stories From English History**—published by Messrs. Macmillans, Price 12 as.

The high Macmillan tradition in the line of juvenile publications is well kept up in this book. Here is a collection of twenty-eight stories of heroism, faithfulness, and patriotism, narrated in a very simple language, printed in large type and lavishly illustrated. Many of the stories like those of Canute, Richard, Robin Hood, the Princes in the Tower, may be old favourites. Still the book has a value, for the selection, in a sense, is fairly complete, for, beginning with Arthur and Alfred and ending with Victoria and Edward, it supplies, in a way to the young reader, a full course of English History.

## The College Chronicle.

"Through the corridors of Time
Down the ringing grooves of change."

Here we are again, many of the old company, a bit changed—having got one year older. As usual we did well in our annual contests, both in the field and in the Hall. The analysis of the examination results published elsewhere will prove how creditably we faired at the University examinations. A first in the Presidency, a first-class second in the Presidency and two first-class thirds in the Presidency, passes over 94 and 90 per cent, are our records for the B. A. All honour to these students who won their laurels, and brought credit to the *Alma Mater*.

## Our New Patron.

With great joy we announce to our readers that His Highness Sri Rama Varma our Maharaja has most graciously consented to become the patron of our magazine. Long live our Patron!

* * *

Of the old company Messrs. P. H. Rama Iyer and M. G. Neelakantan of the staff had to leave. Mr. Rama Iyer had to revert to the High School, and Mr. Neelakantan, only a temporary hand, could not be provided for this year. Both of them were good scholars and teachers, and Mr. Neelakantan was well known for his activities in the Games Club, and his histrionic and journalistic talents. Our best wishes to them.

* * *

The Games Club have lost among others Messrs. Koshi and Mahalingam. The former was an athlete of Olympic and inter-collegiate reputation and a tower of strength in the college football-team, and the latter, our young "Bradman," was best in cricket, but had his place in the College Hockey, Volley, and Basket- Ball teams.

* * *

In the company as at present constituted, however are recruits old and new, who know the ways and tricks of the strong warriors of brain and brawn who have left us. There is the feeling all along the ranks that what has been achieved can again be achieved. The new Captains and Secretaries seem to be all enthusiasm. We have plenty of confidence; we have fallen into line. There is no need for doubts and delays. We will step out in fine style to meet 1932-1933, when we hear the command—"FORWARD!"

* * *

Well-known ladies and gentlemen have already visited us and given us help and hope. Miss Jeffreys, a scholar from distant Africa, Diwan Bahadur T. R. Ramachandra Iyer from Madras, Mr. L. M. Pylee from Cochin, Dr. L. A. Ramdas from Calcutta, Miss Lewis from our Sister College, the St Teresa's Convent, Mr. S. K. George have all been to our College, and what we heard from them have increased our knowledge, our confidence and enthusiasm.

* * *

The Dewan, the Director of Public Instruction, and Mr. Dann, the town-planning expert inspected the College premises to decide how more of better working-rooms and playing fields could be given to us. Extensions are already



**M. K. Mohamed Moideen & Co.,**

**Gents' Tailors and Out-fitters,**

**Broadway, ERNAKULAM.**

**All the Newest Designs in Suitings, Latest Styles and Up-to-date fashions in suits made to measure.**

If you are in need of a well-cut stylish suit on moderate charges, call on us and we will guarantee entire satisfaction.

***Once tried will always be satisfied.***



under construction and plans settled for the acquisition of extensive plots to be turned into well-equipped playing-grounds.

* * *

The Girl-students' Hostel, hitherto under private management is now run as a part of the Cosmopolitan Hostel.

* * *

The Elections to the various Clubs and Unions are over. A Chemistry Association also has been formed with a proper managing committee. Details of the elections so far as were available are published elsewhere.

---

## In Memoriam.

The world of experience is a dual world,—a world of correlatives, full of opposites. A million and a half of subjects besides other friends and admirers, had to resign themselves to this idea when the sad demise of His Highness Sir Sri Rama Varma, G. C. I. E., the Maharaja of Cochin, was announced the other day. At Madras, where His Highness had gone for a course of medical treatment, on 25th March 1932, His Highness gently passed away in His Highness's 74th year. But, there can be no fear of age or death to His Highness's body of fame moulded during the course of about 18 years of efficient administration of the State.

A distinguished son of the illustrious royal house of Cochin His Highness was a rare combination in one and the same person of the true Kshatriya spirit equalled only by that of His Highness's predecessor, and the best *satvic* traits rivalled only by those of His Highness's royal successor. History has recorded and the grateful people of Cochin will ever proudly cherish the beloved memory of His Highness's successful rule of this State.

His Highness ascended the Musnad in 1914, a critical period indeed, when the Great European War was dislocating finance and commerce in every part of the world. It would be too much for the purpose of this brief note to mention even the most important of the progressive measures adopted during the period of His Highness's rule. Suffice it to say that, fully alive to his responsibilities to the people of this State, His Highness made the best use of his natural talents in handling finance and in ruling the country with the result that Cochin stands to-day second to no State in India in point of efficiency and all round progress. The revenue of the State has almost doubled in the course of the last twenty years. Industries and agriculture received encouragement in a variety of ways. Measures were adopted for the development of medical aid and sanitation. There

has been striking progress in education, including higher, industrial and technical education. Co-operation also received the best attention of His Highness with the result that there are at present about 200 societies in the State doing very useful work. The Cochin Legislative Council inaugurated in 1925, the Maharaja's College at Ernakulam, the Cochin Harbour Works which are nearing completion, and the extension and improvement of railway connections in the State which will be completed soon—these bear ample testimony to His Highness's fair name as a constructive statesman.

As a statesman His Highness was great, as a man, greater. A liberal all round education gave the polish to a naturally good and generous disposition. His Highness's attainments were many-sided, but a reserved disposition threw a veil over them, so that only those who were intimate with His Highness knew of their variety and depth. His Highness was full of love for his subjects. Of him it is no exaggeration to say that "This soul was like unto that of a child—guileless and innocent." To many it was a wonder how a tender heart which would melt at the sight of the tears of even the meanest of his subjects could be reconciled with the sterner traits demanded of an efficient ruler of these matter of fact days. A hundred stories are current of the good nature and the strength and nobility of His Highness's character, the sweetness of his disposition and his abiding sympathy for the suffering,—stories that will find a proper place in any biographical sketch of His Highness. He had the singular opportunity of serving his fellowmen in ways which many in His Highness's position cannot dream of. Being a first rate Ayurvedic physician with a special proficiency in the treatment of snake-bites and other poisons, thousands of lives have been saved by His Highness. As a benevolent administrator, a constructive statesman and as a saintly soul, His Highness belongs to that rare type of noble spirits on looking backward at whose lives posterity can live forward. May his soul rest in peace!

W. KRISHNANKUTTY MENON.

മഹാരാജകീയ കലാശാലാ മാസികയുടെ

മലയാളഭാഗം.

25 AUG 1939

# സാഹിത്യസോപാനം.

# പട്ടാഭിഷേകമംഗളാശംസകൾ.

---

1. തത്താദൃഗുദ്യദ്ഗുണരാജവല്യ്യൈ-
ശ്ചിരംഭൃതാഥാത്രഭവന്തമാപ്താ
രാജാനമന്യാദൃഗുദാരശീലം
രാജന്വതീ സംപ്രതിഭാതി ഗോശ്രീഃ

2. വർണ്ണാശ്രമാണാം പരിരക്ഷണം യത്
സ ഏവരാജ്ഞഃ പരമഃ സ്വധർമ്മഃ
തന്നിഷ്ഠയാ പൂർവ്വനൃപൈരുപാത്തം
യശോഭവാൻ ശാശ്വതികം വിധത്താം.

3. ഭവച്ഛരണ്യാ ജനതാ യഥാസ്യാത്
ക്ഷേമാന്വിതാ ഋദ്ധിമതീ തഥാത്ര
പൂർണ്ണത്രയീശഃ കരുണാരസാർദ്രാൻ
ക്രിയാത് കടാക്ഷാൻ കുലദൈവതം വഃ

4. പട്ടാഭിഷേകപ്രമദാബ്ധിമഗ്നൈഃ
ആകൃഷ്ടചിത്തൈരവനീശഭക്ത്യാ
സമർപ്പിതം മംഗലപത്രമേതത്
ദ്വിജൈർഭവാൻ സ്വീകുരുതാത് കൃപാവാൻ.

എറണാകുളം ഗ്രാമജനൈഃ സമർപ്പിതം.

കാതും കണ്ണും കുളൎപ്പിച്ചരുളിന കലകൾ
കൊക്കെയും നാഥനായി—
ന്നാതുംഗശ്രീലഗോ ശ്രീജനഹിതമനവത്തി
പ്പതിൽത്തൃപ്തനായി.
ഏതുൎവ്വീപാലകൎക്കും സരളസുചരിതോത്ഥാപി
തോൽകൃഷ്ടചിന്താ—
ചാതുൎയ്യാദൎശമായിസ്സുചിരമിഹവിരാജിക്ക !
രാജൎഷിമൌലേ !
മഹീം മാടാഭിഖ്യാമഭിനവഗുണാധാനമസൃണാം
അഹീനാം മാനോദ്യൽപൃഥുകുലധനാം പൂതചരിതാം
മഹാഹ്ഗാമന്യൂനാദരമിഹ സനാഥാം കൃതവതാം
മഹാരാജോത്തംസാ ഭവതുഭവതാം മംഗളശതം !.

പ്രഫെസർ—പി. ശങ്കരൻനമ്പ്യാർ എം. എ.

UNIVERSITY LIBRARY 25 AUG. 1939 MADRAS

# കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സിലെ സ്ഥാനാരോഹണം.

പ്രശാന്തപ്രശോഭനമായ പ്രകൃതി; പത്തുപതിനാലു ദിവസത്തെ നിരന്തരമായ വർഷധാരകൾ ശേഷം പ്രത്യേകമായ ഒരു രമണീയത, പരമസന്തുഷ്ടന്മാരായ പ്രജകളുടെ ബഹുമാനകുതൂഹലമസൃണമായ സന്തോഷാരവം. ഏതുഭാഗത്തു നോക്കിയാലും അലങ്കാരവും ആഹ്ലാദവും. അന്നത്തെ ആ സുദിനം ആരുടെ ഹൃദയത്തിൽ നിന്നാണ് മാഞ്ഞുപോകുന്നത്. പ്രജാവത്സലനായ നമ്മുടെ പൊന്നുതമ്പുരാന്റെ പട്ടാഭിഷേകമഹോത്സവദിനം കൊച്ചിരാജ്യചരിത്രത്തിലും ഗോശ്രീജനതയുടെ ചിത്തത്തിലും സ്വർണ്ണലിപികളിൽ സകല കാലത്തും ചിത്രിതമായിത്തന്നെയിരിക്കുന്നതും ഇരിക്കേണ്ടതുമാണ്. ഇതെല്ലാം ഏററവും സ്വാഭാവികവും സംഭാവ്യവുമാണെന്നും, സകലരും ഇതിനെത്തന്നെ പ്രോത്സാഹത്തോടെ പ്രതീക്ഷിച്ചുകൊണ്ടിരുന്നുവെന്നും രണ്ടുദിവസംമുമ്പു തിരുമനസ്സിലെ കുന്നുമ്മൽ ബങ്ക്ളാവിൽ നിന്നും എറണാകുളത്തേക്കുള്ള എഴുന്നള്ളത്തിൽനിന്നു അനുമാനിക്കാവുന്നതായിരുന്നു. ഇങ്ങിനെ ഒരു ഘോഷയാത്ര ഇതിന്നുമുമ്പ് ഇട്ടിക്കിൽ ഉണ്ടായിട്ടില്ലെന്നു തന്നെ പറയാം. സ്നേഹഭക്തിബഹുമാനങ്ങളിൽ മുങ്ങി പ്രോൽഫുല്ലഹൃദയാബ്ജന്മാരായ സകലപ്രജകളുടെയും 'എന്റെ തമ്പുരാന്റെ എഴുന്നള്ളത്തു കാണണം' എന്നു പറഞ്ഞു 'ഞാൻ മുമ്പിൽ ഞാൻ മുമ്പിൽ' എന്ന തിക്കും തിരക്കും; കുലവാഴ, തോരണം, പന്തൽ, വിതാനം, നറപറ, വിളക്ക് എന്നിത്യാദി സകലരുടെ പടിക്കലും ആദരസൂചകമായ അലങ്കാരങ്ങൾ, അകമ്പടികൾ, വിവിധവാദ്യഘോഷങ്ങൾ, വാത്സല്യപ്രചുരവും നന്ദിപൂർണ്ണവുമായ തിരുമനസ്സിലെ കരളലിക്കുന്ന ആലോകനവും മന്ദസ്മിതവും, ആകപ്പാടെ ആ എഴുന്നള്ളത്തിനെപ്പററിപ്പറയുന്നതായാൽ, അനന്വയാലങ്കാരംകൊണ്ടു് അതുപോലെ അതുതന്നെ എന്നു പറഞ്ഞുതീക്കാനേ തരമുള്ളു.

വർണ്ണാശ്രമങ്ങളിൽ വിശിഷ്ടനിഷ്ഠയോടും, ആചാരങ്ങളിൽ അതിശ്രദ്ധയോടും, ദേവന്മാരിൽ സീമാതീതമായ ഭക്തിവിശ്വാസത്തോടും, സകലരിലും സന്തുഷ്ടിസ്നേഹസമതകളോടും കൂടി വളന്നും വൎത്തിച്ചും ഇരിക്കുന്ന സാത്വികമൂൎത്തിയായ മഹാരാജാവു തിരുമനസ്സിലെ ഈ എഴുന്നള്ളത്ത് ഇത്തരത്തിലുള്ള ഘോഷയാത്രയായതിൽ എന്താണ് അത്ഭുതം? എടവം പതിനേഴാന്തിയ്യതി വൈകുന്നേരം എറണാകുളത്തെഴുന്നള്ളി, പിറെറ ദിവസം രാവിലെ കൊച്ചിയിലേക്കു കടന്ന്, അവിടെ, വംശദേവതയായ പഴയന്നൂർ ഭഗവതിയേയും, ചിറക്കൽ പള്ളിയറക്കാവിൽ ഭഗവതിയേയും സന്ദർശിച്ച്, ആചാരപ്രകാരമുള്ള പന്തി, പള്ളി തുടങ്ങിയ സ്ഥാനിഗൃഹങ്ങളിലെ മേനവന്മാരുടെ തിരുമുൽകാഴ്ച സ്വീകരിച്ച്, മൂന്നു

ബ്രാഹ്മണസമൂഹങ്ങളിൽ നിന്നും ആശീർവ്വാദം വാങ്ങി, വൈകുന്നേരം തിരിച്ച് എറണാകുളത്തേക്കു തന്നെ എഴുന്നള്ളി. പത്തൊമ്പതാന്തിയ്യതി അതായതു പട്ടാഭിഷേകസുദിനം, രാവിലെ കൊച്ചിയിലേക്കെഴുന്നള്ളി തൃത്യസമയത്തു സകലരാജചിഹ്നസമേതനായി, രാജവേഷത്തിൽ സഭയിലേക്കു എഴുന്നള്ളി. അപ്പോൾ തിരുമനസ്സിലെ തിരുമുഖത്തു വിളയാടിയിരുന്ന ഒരു പ്രത്യേക ചൈതന്യം കാണേണ്ടതു തന്നെയായിരുന്നു. ഈശ്വരാനുഗ്രഹം പരിപൂർണ്ണമായി അവിടുന്നു കരസ്ഥമാക്കിയിട്ടുണ്ടെന്നു പലക്കും അപ്പോൾ തോന്നിപ്പോയി. പട്ടാഭിഷേകച്ചടങ്ങുകൾ യഥാവിധി നടത്തി. നീരാട്ടുകുളിയും ദേവകാര്യ്യവും അമൃതേത്തും കഴിച്ചു, എറണാകുളം സമൂഹക്കാരുടെ മംഗളപത്രം തിരുമേനി സ്വീകരിച്ചു. അപ്പോൾ അവിടുന്നു അവിടെ സന്നിഹിതരായിരുന്ന മഹാബ്രാഹ്മണരോടു അരുളിച്ചെയ്തതു് ഇപ്രകാരമാണ്. "ഞാൻ നിങ്ങളുടെ യജമാനൻ എന്ന നിലയിൽ നിങ്ങൾ എനിക്ക് ഈ മംഗളപത്രം തരുന്നു. എന്നാൽ വാസ്തവത്തിൽ ഞാനും നിങ്ങളും ഒരുപോലെ തന്നെയുള്ളു. സകലതും നിങ്ങളുടെ മംഗളപത്രത്തിൽ പറഞ്ഞിരിക്കുന്നതുപോലെ പൂർണ്ണത്രയീശൻെറ കൃപയും കടാക്ഷവും അല്ലാതെ ഒന്നുമില്ല. ഞാൻ നിങ്ങളുടെ ഗുണത്തിന്നു അദ്ദേഹത്തെ പ്രാർത്ഥിക്കുകയും കഴിയുന്നതും ശ്രമിക്കുകയും ചെയ്യാം. നിങ്ങളും എപ്പോഴും രാജ്യത്തിൻെറ ക്ഷേമത്തിനും എൻെറ ശ്രേയസ്സിനും അവിടുത്തോടു പ്രാർത്ഥിക്കുകയും എന്നെ അനുഗ്രഹിക്കുകയും വേണം." മഹാരാജാവു തിരുമനസ്സിലെ മനോലതയിൽ വികസിച്ചു പുറപ്പെടുന്ന ഏതദ്വിധങ്ങളായ മനോഹരമഹനീയവചഃപല്ലവങ്ങൾ അവിടുത്തെ മഹിമയുടെ അല്പഭാഗം മാത്രമായ ഒരു ചിത്രമാകുന്നു. അന്നത്തെ ചതുർവ്വിധമായ സദ്യയിൽ സകലപദാർത്ഥങ്ങളിൽ ഒന്നുപോലും ആക്കും കിട്ടിയില്ലെന്നുള്ള ആവലാധി കേൾക്കുമാറാകരുതെന്നു പ്രത്യേകം ഉദ്യോഗസ്ഥന്മാർക്ക് ഉത്തരവു കൊടുത്തിട്ടുണ്ടായിരുന്നതു തിരുമനസ്സിലെ ഭൂതദയയുടെയും സൽബുദ്ധിയുടെയും ഏതാണ്ടൊരു പരിമാണമായി ഗ്രഹിക്കാവുന്നതാണ്.

ആക്കും ഒരുവിധത്തിലും താൻകാരണം സങ്കടം വരുത്തരുതെന്നും ആ സ്ഥാനത്തിരുന്നു തൻെറ പ്രധാന ചുമതല സകലപ്രജകളേയും ജാതിമതവർണ്ണഭേദം കൂടാതെയും നീതിന്യായ ധർമ്മവിരോധം വരാതെയും രഞ്ജിപ്പിക്കുകയാണെന്നും അവിടുത്തെ ദൃഢബോധത്തിൻെറ സാക്ഷ്യമായിട്ട് അന്നു വൈകുന്നേരത്തെ പോഞ്ഞിക്കരക്കുള്ള എഴുന്നള്ളത്തും പ്രത്യാഗമനവും കണക്കാക്കാമല്ലൊ. ആദ്യം തീർച്ചയാക്കിയിരുന്നതു് വിക്ടോറിയ ജെട്ടിയിൽനിന്നു ബോട്ടിൽ കയറി പോഞ്ഞിക്കരക്കു എഴുന്നള്ളുകയും തിരിയെ അവിടെത്തന്നെ അതുപോലെ എത്തി ജനങ്ങളുടെ മംഗളപത്രം സ്വീകരിക്കാൻ കലാശാലാമന്ദിരത്തിലേക്ക് എഴുന്നള്ളുകയും എന്നായിരുന്നു. എറണാകുളത്തു വാണിജ്യവീഥിനിവാസികൾക്ക് അവിടുത്തെ പ്രത്യേകം ആദരിച്ചാനന്ദിക്കണമെന്നുള്ള അവരുടെ അപേക്ഷ തലേദിവസമേ അവർ അറിയിച്ചുള്ളുവെങ്കിലും, അവക്കും സന്തോ

ഷം നൽകണമെന്ന ഏകഉദ്ദേശത്തോടു കൂടി കൃഷ്ണവിലാസം കോവിലകത്തുനിന്നു പോഞ്ഞിക്കരെക്കും തിരിച്ചും ഉള്ള എഴുന്നള്ളത്ത് അങ്ങാടിയിൽകൂടി ഡെയിൽ ഡെട്ടിവരെ വണ്ടിയിലും അവിടുന്നു ബോട്ടിലും ആയിരുന്നു. പ്രജകളുടെ സന്തോഷം തന്നെയാണ് തനിക്കും സന്തോഷമെന്നും അതിന്നുവേണ്ടി താൻ എന്തു ചെയ്യുന്നതിലും തനിക്കു ദേഹത്തിനോ മനസ്സിനോ ക്ഷീണമാവില്ലെന്നും ഈ എഴുന്നള്ളത്തു സമയത്തു അവിടുത്തെ തിരുമുഖത്തു കളിയാടിയിരുന്ന സൌമ്യസ്മിതം പ്രത്യക്ഷസാക്ഷ്യം വഹിച്ചിരുന്നു. പ്രജകൾ സമർപ്പിച്ച മംഗളപത്രത്തിന്നുള്ള മറുപടിയിലും ഇതുതന്നെ പ്രകൃഷ്ടമായി പ്രകാശിച്ചിട്ടുണ്ട്. അന്നു വൈകുന്നേരം തിരുമനസ്സിലോട് ഒരാൾ "ഇതേവരെ മഴയും മററു മാററിത്തവും കൂടാതെ മംഗളമായിക്കഴിഞ്ഞു. നാളെയും കൂടി ഇതുപോലെ ഈശ്വരാനുഗ്രഹം കൊണ്ടു കഴിഞ്ഞുകൂടിയാൽ നന്നായിരുന്നു" എന്ന് ഉണർത്തിച്ചപ്പോൾ അവിടുന്നു മറുപടി അരുളിയതു് "ഒന്നും പേടിയില്ല. ഞാൻ കുന്നമ്മൽനിന്നു പോന്നപ്പോൾ സകലവും ശുഭമായി വരുവാൻ പൂർണ്ണത്രയീശനു വഴിവാടു നേർന്നിട്ടാണ് വന്നിരിക്കുന്നതു്. എനിക്കു ലേശം ഭയമില്ല. സ്വാമി വിശ്വസിച്ചാൽ ചതിക്കില്ല" എന്നായിരുന്നു. ഇത്ര ശുദ്ധതമമായ ഭക്തിക്കു ദേവന്മാർ കൂടി കീഴടങ്ങാതിരിക്കുമോ?

തിരുമനസ്സുകൊണ്ടു വിശ്വസിച്ചപോലെ പിറെറ ദിവസത്തെ ആഘോഷങ്ങളും ശുഭമായിത്തന്നെ പര്യവസാനിച്ചു. രാവിലെ കുറച്ചു മഴയുണ്ടായെങ്കിലും, വൈകുന്നേരത്തെ ചായസല്ക്കാരസമ്മേളനം ശോഭനമായി നടന്നു. സമ്മേളനത്തിൽ കൂടിയിരുന്നവരിൽ ആരും തിരുമനസ്സിലെ സ്തുതിക്കാതെയുണ്ടായില്ല. ഈ സമ്മേളനത്തോടു കൂടി എറണാകുളത്തെ ആഘോഷങ്ങൾ അവസാനിച്ചു. അത്താഴം അമൃതേത്തു കഴിഞ്ഞു കുന്നമ്മേലേക്ക് തിരിയെ എഴുന്നള്ളി. അപ്പോഴായിരുന്നു തൃപ്പൂണിത്തുറക്കാരുടെ വക ആഘോഷങ്ങൾ. ഓരോ ജാതിക്കാരും പ്രത്യേകിച്ചു പ്രത്യേകിച്ചു പന്തൽ കെട്ടി വിതാനിച്ചു മംഗളപത്രങ്ങളോടും തയ്യാറായി നിന്നിരുന്നു. ഓരോ ജാതിക്കാരുടെയും പന്തലിൽ അല്പനേരം വണ്ടിനിറുത്തി, അവിടെയുള്ളവരെ മധുരവാക്കുകളെക്കൊണ്ടു ആനന്ദനിമഗ്നരാക്കിയാണ് എഴുന്നള്ളത്തുണ്ടായതു്. അതിൽ ഒരു സംഭവം പ്രത്യേകിച്ചും പ്രസ്താവ്യമാണ്. കുടുമ്മിക്കാരുടെ പന്തലിൽ എഴുന്നള്ളിയപ്പോൾ തിരുമനസ്സിലെ ചാർത്തിക്കുവാനുള്ള ഒരു മാലയുംകൊണ്ട് ഒരു കുടുമ്മിക്കാരൻ പതിവും പരിചയവുമില്ലാത്തതിനാൽ അടുത്തുവരുവാൻ ഭയന്നുകൊണ്ട് അകലെ പരിഭ്രമിച്ചു നിന്നിരുന്നു. അതുകണ്ടു തിരുമനസ്സുകൊണ്ട് വാത്സല്യപൂർവ്വം അയാളെ അടുത്തു വിളിച്ചു സംസാരിച്ചു പരിഭ്രമം തീർത്തു കഴുത്തു കാട്ടിക്കൊടുത്തു മാലയിടുവാൻ അനുവദിച്ചു. അപ്പോൾ അവിടെ കൂടിയിരുന്ന അഖിലരുടേയും അന്തരംഗം എത്ര കുളുർത്തുവെന്നു വാക്കുകൊണ്ടു വിസ്തരിപ്പാൻ സാധിക്കുന്നതല്ല. ഇങ്ങിനെ സകലരേയും സന്തോഷിപ്പിച്ചും സകലരുടെ ഹൃദയാഗാരത്തിലും സ്ഥിരവാസം സ്ഥാപി

ച്ചുംകൊണ്ടു കുന്നമ്മൽ ബങ്ക്ളാവിൽ തിരിയെ എഴുന്നള്ളി. അത്ഭുതം! ആഘോഷങ്ങൾ സകലവും കഴിഞ്ഞു, അതാ, അതിഘോരമായ മഴ ആദിയായിക്കോരിച്ചൊരിയുവാനും തുടങ്ങി! തിരുമനസ്സിലേക്ക ഈശ്വരാനുഗ്രഹം ഇല്ലെങ്കിൽ പിന്നെ ആക്കാണുള്ളതു്? "പ്രജാരഞ്ജനതല്പരതയും ശുദ്ധമനസ്കതയും തിരുമനസ്സിൽ പ്രശോഭിച്ചിരിക്കുന്നതുപോലെ അത്ര നിമ്മലമായിട്ടു മററാരിൽ കാണും?" എന്ന് അവിടുത്തെ സകല പ്രജകളും പ്രശംസിക്കുന്നതിൽ എന്താണ് ആശ്ചര്യം? ആ തിരുമേനിയുടെ പട്ടാഭിഷേകാഘോഷം അനന്യപൂവ്വപ്രഭാവത്തോടെ പ്രജകൾ കൊണ്ടാടിയതിലും അത്ഭുതമില്ലല്ലോ. അഭിഷിക്തനായി രാജ്യഭരണത്തിൽ പ്രവേശിക്കുന്ന തിരുമനസ്സിലേക്ക് സകലവിധമായ സുഖവും ആയുരാരോഗ്യവും നല്കുവാൻ കരുണാമൂത്തിയായ പൂണ്ണത്രയീശനോടു ഞങ്ങൾ പ്രാത്ഥിച്ചുകൊള്ളുന്നു.

---

# എഴുത്തച്ഛനും നമ്പ്യാരും.

---

( കെ. എൻ. ബാലകൃഷ്ണൻ നായർ, ക്ലാസ് IV. )

എഴുത്തച്ഛനും നമ്പ്യാരും കേരളഭാഷാസാഹിത്യ നഭോമണ്ഡലത്തിലെ ആദിത്യചന്ദ്രന്മാരാകുന്നു. പ്രകൃതിയുടെ അരുമസന്താനങ്ങളായി ജാതരായ ഈ ദീർഘദശികൾ തൽസ്തുതിപാഠകന്മാരത്രെ. ജനതതിയുടെ ആത്മീയസംസ്കാരത്തിലും സാമുദായികജീവിതത്തിന്റെ നിയമനിമ്മാണത്തിലും ദത്തദൃഷ്ടികളായി അനവരതം പ്രയത്നിച്ച ഈ കവിപുംഗവന്മാരുടെ യശശ്ചന്ദ്രിക കേരളീയരെ ആകമാനം ആനന്ദതുന്ദിലരാക്കിത്തീക്കുന്നുണ്ടെന്നുള്ളതു് എത്രയും അഭിമാനകരമാകുന്നു.

ഹൈന്ദവവേദസിദ്ധാന്തങ്ങളിൽ എഴുത്തച്ഛനു അനിതരസാധാരണമായ പരിചയമുണ്ടായിരുന്നു. ദ്രാവിഡഭാഷയിലെന്നപോലെ തന്നെ ആയ്യഭാഷയായ സംസ്കൃതത്തിലും എഴുത്തച്ഛനുണ്ടായിരുന്ന പരിജ്ഞാനം എത്രയും വിപുലമായിരുന്നു. ഏവംവിധമായ പാണ്ഡിത്യത്തിനു പുറമെ ഉൽകൃഷ്ടമായ വാസനാശക്തികൂടി തികഞ്ഞ ഒരനുഗൃഹീത കവിയായിരുന്നു എഴുത്തച്ഛനെന്നു നിസ്സന്ദേഹം പറയാം. അദ്ദേഹത്തെപ്പോലെ തന്നെ നമ്പ്യാരും ഭാഷാസംസ്കൃത സാഹിത്യങ്ങളിൽ അസാമാന്യമായ പാടവം സമ്പാദിച്ചിരുന്നു. നമ്പ്യാർ ഒരു വാസനാകവിയായിരുന്നു എന്നുള്ളതിനു അദ്ദേഹത്തിന്റെ തുള്ളൽക്കഥകൾ ഉത്തമോദാഹരണങ്ങളാകുന്നു. ഈ രണ്ടുപേരുടേയും കവനവൈദഗ്ദ്ധ്യം സീമാതീതമായിരുന്നു.

സംസ്കൃതപക്ഷപാതികളായ കവികളെ അനുകരിച്ചു പ്രബന്ധങ്ങളും ആട്ടക്കഥകളും രചിക്കുന്നതിനു നമ്പ്യാർ നിർബന്ധിതനായി എങ്കിലും അദ്ദേഹത്തിന്റെ കവിതാകാമിനി സോല്ലാസം കളിയാടിയിരുന്നതു് ഭാഷാകാവ്യങ്ങളിലായിരുന്നു. എഴുത്തച്ഛനാകട്ടെ സംസ്കൃതകാവ്യനിമ്മാണ

ത്തിൽ കുതുകിയായിരുന്നില്ല. സീമാതീതമായ ആനന്ദാനുഭൂതിക്കു നിദാനമായ ഉൽകൃഷ്ടപുരാണങ്ങളെ സംസ്കൃതാനഭിജ്ഞന്മാരായ കേരളവാസിജനങ്ങൾക്കു ഭാഷാകാവ്യമാൎഗ്ഗേണ വെളിപ്പെടുത്തിക്കൊടുക്കുന്നതിലായിരുന്നു അദ്ദേഹത്തിൻെറ യത്നം. പണ്ഡിതപാമരന്മാരെ ഒരുപോലെ രസിപ്പിച്ചു സന്മാൎഗ്ഗോപദേശം ചെയ്യുകയായിരുന്നു നമ്പ്യാരുടെ പ്രവൃത്തിയെങ്കിൽ ജനഹൃദയത്തെ അവശതയിൽനിന്നുദ്ധരിച്ചു ഭക്തിമാൎഗ്ഗത്തിലേക്കു നയിക്കുക എന്നുള്ളതായിരുന്നു എഴുത്തച്ഛൻെറ മുഖ്യോദ്ദേശം.

ആട്ടക്കഥകളിലെ സംസ്കൃതമയങ്ങളായ പദങ്ങളാൽ മുഖരിതമായിരുന്ന അന്നത്തെ സാഹിത്യാന്തരിക്ഷത്തിൽ നമ്പ്യാരുടെ ഭാഷാസംസ്കൃതസമ്മിളിതമായ കാവ്യസരിത്തിൻെറ ശ്രവണമധുരമായ തരംഗനിനാദം മാറെറാലിക്കൊള്ളുവാനിടവന്നു. ലളിത സംസ്കൃതപദങ്ങളെ മലയാളപദങ്ങളുമായി കൂട്ടിച്ചേൎത്തു ശൎക്കരനിൎമ്മിക്കുംപോലെ അനുഭവയോഗ്യവും സുഖപ്രദവുമായ ഒരു ഭാഷാരീതി നിൎമ്മിക്കുന്നതിനു എഴുത്തച്ഛനും നമ്പ്യാരും ഒരുപോലെ യത്നിച്ചിട്ടുണ്ടു്. പുനം നമ്പൂരിപ്രഭൃതികളെപ്പോലെ സംസ്കൃതവ്യാകരണനിയമങ്ങളെ ഭദ്രമായി അനുസരിച്ചിട്ടില്ലെങ്കിലും ഇവരുടെ ഭാഷാരീതി എത്രയും ആദരണീയമായി പരിലസിക്കുന്നു

"ഭാജനങ്ങടെനടുവിലുള്ളൊരു പടയണിക്കിഹചേരുവാൻ
വടിവിയന്നൊരുചാരു കേരളഭാഷതന്നെ ചിതംവരൂ"

എന്നു മാത്രമല്ല,

"ഭാഷയേറിവരുന്ന നല്ലമണിപ്രവാളമതാകിലോ
ദൂഷണംവരുവാനുമില്ല വിശേഷഭൂഷണമായ്‌വരും" (സഭാപ്രവേശം)

എന്നുകൂടി മനസ്സിലാക്കിയിരുന്ന നമ്പ്യാർ ലളിതഭാഷാപ്രയോഗത്തിൽ സാമൎത്ഥ്യം പ്രദൎശിപ്പിച്ചതിനു അത്ഭുതപ്പെടാനില്ല. എഴുത്തച്ഛനും നമ്പ്യാരും "മധുരമധുര ഭാഷാസംസ്കൃതാന്യോന്യ സമ്മേളനസുരഭില"യായ ഒരു "കാവ്യവാണിവിഭൂതി"യാൽ കൈരളിയെ അലംകൃതയാക്കിത്തീൎത്തിട്ടുള്ള കവിപുംഗവന്മാരാകുന്നു. എന്നാൽ ചിലപ്പോൾ ഇവർ സംസ്കൃതബഹുലമായ രീതിയേയും തനിസംസ്കൃതത്തേയും കവനത്തിനായി ഉപയോഗിച്ചിട്ടുണ്ടു്. പക്ഷെ ഈ സന്ദൎഭങ്ങൾ എത്രയോ അപൂൎവ്വമാകുന്നു.

എഴുത്തച്ഛനും നമ്പ്യാരും തങ്ങളുടെ കാവ്യങ്ങൾക്കു് വിഷയങ്ങളാക്കിയിട്ടുള്ളതു് പുരാണകഥകളാകുന്നു. എഴുത്തച്ഛനാകട്ടെ സംസ്കൃതസാഹിത്യസാഗരത്തിലെ അമൂല്യരത്നങ്ങളായ ഭാരതരാമായണാദി മഹനീയഗ്രന്ഥങ്ങൾ സ്വമനോമുദ്രയുടെ സ്ഫുടപ്രകാശത്തോടു കൂടി ഭാഷയിലേക്കു വിവൎത്തനം ചെയ്തു. നമ്പ്യാർ ഒരു മൂലഗ്രന്ഥത്തിൻേറയും സഹായമവലംബിക്കാതെ സ്വപ്രസ്ഥാനഹേതുവായ ചാക്യാർകൂത്തിനെ അനുകരിച്ചു പ്രസിദ്ധപുരാണകഥകളെ മനോധൎമ്മത്തിനൊത്തവിധം പാട്ടുകളാക്കിത്തീൎത്തു.

എഴുത്തച്ഛൻെറ കൃതികൾ ഭക്തിരസസമ്പൂൎണ്ണങ്ങളാകുന്നു. ഈശ്വരവിചാരചോദിതനായിട്ടത്രെ അദ്ദേഹം കാവ്യനിൎമ്മാണത്തിനുദ്യമിച്ചതു്.

ബാഹ്യലോകസ്മരണയെ വിട്ടു ഈശ്വരചരണാരവിന്ദങ്ങളിൽ വിലയം പ്രാപിച്ച അദ്ദേഹത്തിന്റെ ഹൃദയത്തിൽ നിന്നും അനർഗ്ഗളമായി പ്രവഹിച്ച കാവ്യസുധയെ ആസ്വദിക്കുമ്പോൾ പുളകപ്രസരമനുഭവിക്കാത്തവർ അധന്യന്മാരത്രെ. "കാകുൽസ്ഥലീലകൾ കേട്ടാൽ മതിവരാ" എന്നു ശാരികപ്പൈതലിനോടു പറയുന്നതു് യഥാൎത്ഥത്തിൽ എഴുത്തച്ഛൻ തന്നെ. വിജയന്റെ തേരാളിയായി രണാങ്കണത്തിൽ പ്രവേശിച്ച ശ്രീകൃഷ്ണഭഗവാന്റെ കേശാദിപാദവൎണ്ണന ചെയ്വാൻ അദ്ദേഹത്തിനു പാടവമുണ്ടായതു് ആ മണിവൎണ്ണന്റെ രൂപം ഹൃദയത്തിൽ സദാ തെളിഞ്ഞു വിളങ്ങിയിരുന്നതുകൊണ്ടാകുന്നു. ഭഗവന്നാമഘോഷണത്തിൽ വാവദൂകതയെ അവലംബിക്കുന്നതും ഇതുകൊണ്ടു തന്നെ. എഴുത്തച്ഛന്റെ കാവ്യനിൎമ്മിതി ജനഹൃദയത്തെ ഭക്തിമാൎഗ്ഗത്തിലേക്കു നയിക്കുന്നതിനു വേണ്ടിയത്രെ. വിവിധ കഥാപ്രസ്താവങ്ങൾക്കിടയിലും ഈ പരമോദ്ദേശത്തെ അദ്ദേഹം വിസ്മരിച്ചിട്ടുള്ളതായി കാണുന്നില്ല. നമ്പ്യാരും ജനങ്ങളുടെ മാനസിക പരിഷ്കരണത്തെ സ്വകാവ്യോദ്ദേശങ്ങളിൽ ഒന്നായി കരുതിയിരുന്നു.

"കായാദികളിൽ സ്നേഹിച്ചായാസംവരുത്താതെ
തോയജനയനന്റെ കായത്തെസ്മരിച്ചാലും
ആമെങ്കിൽമുകുന്ദന്റെ നാമങ്ങൾജപിച്ചാലും
നാമെന്നുള്ളൊരുഭാവം മാമകംയോഗ്യമല്ല.
കാമിനിമണിമാരെക്കാമിച്ചുവലയാതെ
സ്വാമിതൻപദാംഭോജം സാമോദംഭജിച്ചാലും."
(കല്യാണസൌഗന്ധികം.)

എന്നു നമ്പ്യാർ എത്ര സരസമായി ഉപദേശിക്കുന്നു!

"ഏവമുള്ള ശരീരങ്ങൾക്കൊക്കെയും പാൎത്തുകാണുമ്പോൾ
ജീവനായിട്ടൊന്നുതന്നെ ആയതിപ്പോൾപരബ്രഹ്മം"

എന്നിത്യാദി ദിവ്യവചനങ്ങളെ "ലോകൎക്കു മനക്കാമ്പിൽ പാക" മുളവാക്കുന്നതിനായി സ്വകാവ്യങ്ങളിൽ അദ്ദേഹം കലൎത്തിയിട്ടുണ്ടു്. പക്ഷെ എഴുത്തച്ഛന്റെ കവിതയിൽ തുളുമ്പിനില്ക്കുന്ന ഭക്തിരസം തുള്ളൽക്കഥകളിൽ കാണുന്നില്ലെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു.

ഭക്തിരസത്തിൽ എഴുത്തച്ഛൻ നമ്പ്യാരെ അതിശയിക്കുന്നെങ്കിൽ ഹാസ്യരസപ്രതിപാദനയിൽ നമ്പ്യാർ എഴുത്തച്ഛനേക്കാൾ എത്രയോ ഉന്നതപദത്തിൽ സ്ഥിതിചെയ്യുന്നു. നമ്പ്യാരുടെ തുള്ളൽക്കഥകൾ ഫലിതസംപൂൎണ്ണമത്രെ.

അക്ഷരമീവക കൂട്ടിച്ചേൎത്തതി-
ലക്ഷതമാകിയ രസമുളവാക്കി
പ്രാസവുമൎത്ഥവുമിടചേൎന്നതില്വ-
ള്ളാസ്യരസങ്ങളുമങ്ങുളവാക്കി
തീൎക്കുംനല്ലൊരുകവിയുടെ കവിതകൾ
കേൾക്കുംപരിഷകളൊക്കെ രസിക്കും." (സ്യമന്തകം)

എന്നു നമ്പ്യാർ പ്രസ്താവിച്ചിട്ടുള്ളതിൽ അദ്ദേഹത്തിന്റെ കവിതാരീതിയുടെ ഒരു യഥാർത്ഥസ്വരൂപത്തെ വെളിപ്പെടുത്തുകയാകുന്നു ചെയ്തിട്ടുള്ളത്. "ചിരിക്കുന്ന കഥ കേട്ടാലിരിക്കുമായതല്ലെങ്കിൽ തിരിക്കു"ന്ന ഒരു ജനാവലിയായിരുന്നു നമ്പ്യാരുടെ മുമ്പിൽ കൂടിയിരുന്നത്. ഈ നിരക്ഷരകുക്ഷികളെപ്പോലും രസിപ്പിക്കുന്നതിനു അദ്ദേഹം ശ്രമിച്ചു. നായന്മാരും പട്ടന്മാരും ഇല്ലാത്ത ദിക്ക് പതിന്നാലു ലോകത്തിലും നമ്പ്യാർ കാണുന്നില്ല. ജ്യോത്സ്യന്മാർ, ആട്ടക്കാർ, മന്ത്രവാദികൾ, വൈദ്യന്മാർ മുതലായവരെ തരമുള്ളപ്പോഴെല്ലാം അദ്ദേഹം കളിയാക്കുക പതിവാണ്. നമ്പ്യാരുടെ ഹൃദയം ലൗകികജീവിതത്തിന്റെ വിലക്ഷണരീതികളെ വീക്ഷിച്ചു രസിക്കുന്നതിനും രസിപ്പിക്കുന്നതിന്നും ഔത്സുക്യമേറിയതത്രെ. ആദ്ധ്യാത്മികതത്വപ്രതിപാദത്തിനു എഴുത്തച്ഛൻ പ്രാധാന്യം നല്കുമ്പോൾ ലൗകികജീവിതത്തിൽ മതിമറന്നു അവശത്വം പ്രാപിച്ച മനുഷ്യഹൃദയത്തിന്റെ കുറവുകളെ സരസമായ വിധത്തിൽ ചൂണ്ടിക്കാണിച്ചു ആത്മാവബോധത്തെ ജനങ്ങളിൽ ഉളവാക്കുകയാകുന്നു നമ്പ്യാർ ചെയ്യുന്നത്. പക്ഷെ നമ്പ്യാരുടെ ആക്ഷേപങ്ങൾ ചിലപ്പോൾ വികടവും ഉൽക്കടവും ആയിപ്പരിണമിക്കാറുണ്ടെന്നുള്ളതു് മറയ്ക്കാവുന്നതല്ല. തുള്ളൽക്കഥകളെപ്പോലെ എഴുത്തച്ഛന്റെ കൃതികൾ ഹാസ്യരസവർണ്ണനകളാലും ഫലിതപ്രയോഗങ്ങളാലും സമ്പൂർണ്ണമല്ലെങ്കിലും നിസർഗ്ഗസുന്ദരമായ വചോവിലാസത്തോടു കൂടിയ എഴുത്തച്ഛന്റെ ആക്ഷേപങ്ങൾ എവിടെയും ശാന്തവും പക്ഷെ മാർമ്മികവുമായി പ്രശോഭിക്കുന്നതു കാണാം.

യഥാർത്ഥചിത്രീകരണം സാധിച്ചിട്ടുള്ള ഉൽകൃഷ്ടവർണ്ണനകളാൽ നമ്പ്യാരുടേയും എഴുത്തച്ഛന്റേയും കൃതികൾ അലംകൃതങ്ങളാണ്. ആശ്രമാന്തർഭാഗത്തു് പ്രവേശിച്ച ദുഷ്യന്തന്റെ ശബ്ദം ശ്രവിച്ചു പുറത്തുവന്ന കണ്വപുത്രിയെ,

"ലക്ഷ്മിതാൻതന്നെയൊരു കന്യകാരൂപംപൂണ്ടു
നിഷ്ക്രമിച്ചതുപോലെ തൽക്ഷണംകാണായ്‌വന്നു
ചൊൽക്കൊണ്ടകൊണ്ടൽമദ്ധ്യേ മിന്നുന്നമിന്നൽപോലെ"

എന്നും, വിജയ ശ്രീലാളിതനായ രഘുകുലോത്തമന്റെ മുമ്പിൽ വർണ്ണമാലയുമേന്തി നില്ക്കുന്ന ജനകനന്ദിനിയെ,

സ്വർണ്ണമാലയും ധരിച്ചാദരാൽമന്ദംമന്ദം
അർണ്ണോജനേത്രൻമുൻപിൽ സത്രപാംവിനീതയായ്
വന്നുടൻനേത്രോല്പല മാലയുമിട്ടാൾപിന്നെ
പിന്നാലെ വരണാർത്ഥ മാലയുമിട്ടീടിനാൾ"

എന്നും എത്ര ചമല്ക്കാരത്തോടു കൂടി എഴുത്തച്ഛൻ വർണ്ണിച്ചിരിക്കുന്നു! സമുദ്രതരണാർത്ഥം മഹേന്ദ്രശിഖരസ്ഥിതനായ വായുതനയനെ,

"ഇതിപവനതനയനരുചെയ്തു വാലുംനിജ-
മേററമുയർത്തി പരത്തികരങ്ങളും

അതിവിപുല ഗളതലവുമാജ്ജവമാക്കിനി-
ന്നാകുഞ്ചിതാം ഘ്രിയായുദ്ധപനയനനായ്
ദശവദനപുരിയിൽ നിജഹൃദയവുമുറപ്പിച്ചു
ദക്ഷിണദിക്കുമാലോക്യചാടുന്ന" തായി വണ്ണിക്കുന്നതിൽ കവിയുടെ പാടവം പ്രത്യക്ഷമാകുന്നു. ഈ മാതിരി വണ്ണനകൾ എഴുത്തച്ഛന്റെ കൃതികളിൽ അസുലഭമല്ല. അത്യുന്നതമായ ഗന്ധമാദനപവ്വതത്തിന്റെ ദുഗ്ഗപ്രദേശങ്ങളിൽ കൂടി "കല്ലുംമരങ്ങളും തല്ലിത്തകൎത്തുകൊണ്ടുല്ലാസ"മോടെ പോകുന്ന ഭീമസേനന്റേയും, മാഗ്ഗമദ്ധ്യേ, "നിറഞ്ഞു നേത്രവും ചിമ്മി" വികൃതമായ വൃദ്ധവേഷം പൂണ്ടു അവശതയിൽ കിടക്കുന്ന വാനരപ്രവീരന്റേയും യഥാൎത്ഥചിത്രം മാനസദപ്പണത്തിന്നു പ്രതിബിംബിച്ചു കാണുന്നതു് നമ്പ്യാരുടെ വണ്ണനാവൈഭവത്താലാകുന്നു. "ദുർഗ്ഗാവാഗ്രോഗ്രാഗ്രാഹ്യ"മായ ദുഗ്ഗമാഗ്ഗങ്ങളും, "തുടുതുടെവന്നാരുധിരപൂരത്തെ കുടുകുടെക്കുടിച്ചലറിച്ചാടു"ന്ന മാരുതിയും, "കണ്ഠേഘണഘണ സ ഘോഷശൃംഖല"യോടുകൂടി "ബഭാ" കരയുന്ന പട്ടികളും "ചടചടവെടിയും," "കിടുകിടെ നട"യും ഇവരുടെ തൂലികയ്ക്കു വിഷയീഭവിക്കുമ്പോൾ വണ്ണ്യപ്രതീതി പെട്ടെന്നു ശ്രോതാവിന്റെ ഹൃദയത്തിൽ ഉദിക്കാതിരിക്കുന്നില്ല. മിതഭാഷിയായ എഴുത്തച്ഛൻ അല്പശ്രമംകൊണ്ടു യഥാൎത്ഥസാഹിത്യചിത്രങ്ങളെഴുതുമ്പോൾ നമ്പ്യാർ മിക്കവാറും ശാഖാചംക്രമണം ചെയ്യുന്നതായും കണ്ടുവരുന്നുണ്ട്. ശൃംഗാരവണ്ണനകളിലുള്ള ഒതുക്കമില്ലായ്മ നമ്പ്യാക്കല്ലാതെ എഴുത്തച്ഛനെ പിടിപെടുന്നതല്ല. പ്രകൃതം ഒരു സ്ത്രീവണ്ണനയാണെങ്കിൽ അവളുടെ "നീണ്ടുഞ്ഞിരുണ്ടു തലമുടിയും," "തൊണ്ടിപ്പഴത്തിനഞ്ഞിണ്ടൽ കൊടുക്കുന്ന ചുണ്ടിന്റെശോഭയും," എന്നുവേണ്ട നവയൌവനവിലാസദ്യോതകമായ ഒരു നീണ്ട പ്രത്യംഗവണ്ണന ചെയ്യാതെ നമ്പ്യാക്കു തൃപ്തിവരുന്നതല്ല. സ്ത്രീകളുടെ സ്നേഹമയമായ മൃദുല വശങ്ങളെ കാണിച്ചുതരുന്നതിന്നു പകരം അവരുടെ അസൂയാദിഗർഹണീയമായ ദുർഗ്ഗുണങ്ങളെ എത്രയും അതിശയോക്തിയോടു കൂടി പ്രകടീകരിക്കുന്നതിനാണു നമ്പ്യാക്കു വാസനയുള്ളത്. സ്വതന്ത്രമാനസനായ നമ്പ്യാരുടെ മനോധർമ്മവിലാസം അദ്ദേഹത്തിന്റെ വണ്ണനാരീതിയിലും പ്രത്യക്ഷമാണു്. സ്വഗ്ഗലോകമോ പാതാളമോ വണ്ണനാവിഷയമായിരിക്കുമ്പോൾ തൽസംബന്ധമായ പൌരാണികസങ്കല്പങ്ങളെ വിട്ടു്, തനിക്കു നിത്യപരിചിതമായ കേരളദേശവിശേഷങ്ങളെയാണു നമ്പ്യാർ തന്മയത്വേന പകൎത്തിക്കാണിക്കുന്നതു്. എന്നാൽ എഴുത്തച്ഛനേപ്പോലെ സുകുമാരമനോഹരമായ വസ്തുക്കളെ വണ്ണിച്ചു ഹൃദയവാരിധിയിൽ മൃദുലവികാരതരംഗപരമ്പരകളെ ഉളവാക്കുന്നതിന്നു നമ്പ്യാക്കു പ്രാപ്തിയില്ലെന്നു സധൈര്യം പറയാവുന്നതാണു്.

സാഹിത്യലോകത്തിലെ രണ്ടു നവീനപ്രസ്ഥാനങ്ങളുടെ ജനയിതാക്കളെന്ന നിലയിൽ നമ്പ്യാരും എഴുത്തച്ഛനും ആൎജ്ജിച്ചിട്ടുള്ള മാഹാത്മ്യം അപ്രതിഷേദ്ധ്യമായി സ്ഥിതിചെയ്യുന്നു. കിളിപ്പാട്ടു വൃത്തം എഴുത്തച്ഛന്റെ ഒരു പുതിയ ഉപജ്ഞാനമായിരിപ്പാൻ വഴിയില്ലെന്നു വാ

ദത്തിനു ന്യായങ്ങളുണ്ടെങ്കിലും അതിനെ അതിൻെറ പ്രാകൃതാവസ്ഥയിൽനിന്നും ഉദ്ധാരണംചെയ്തു പരിഷ്കൃതവേഷം നല്കി രംഗപ്രവേശം ചെയ്യിച്ചതു് എഴുത്തച്ഛനാണെന്നു സമ്മതിച്ചേ തീരു. തുള്ളൽപ്രസ്ഥാനത്തിൻെറ ജനയിതാവു എന്ന നിലയിൽ നമ്പ്യാർ കേരളവാസിജനങ്ങളുടെ അളവററ കൃതജ്ഞതയ്ക്കു പാത്രീഭവിച്ചിരിക്കുന്നു.

ഈ രണ്ടു കവിപുംഗവന്മാരുടേയും കാവ്യങ്ങൾക്കു തമ്മിൽ നിസ്സാരങ്ങളായ ഏതാനും സാമ്യങ്ങളും ഗണനീയങ്ങളായ അന്തരങ്ങളും ഉണ്ടെന്നു വെളിപ്പെട്ടുകഴിഞ്ഞു. ഭാഷാകവികളിൽ ഇവൎക്കുള്ള സ്ഥാനം മററാൎക്കും അലഭ്യമായ വിധം അത്ര ഉന്നതമാണ്. സാഹിത്യാഭ്യസനത്തിനു തുനിയുന്ന ഒരുവനു ഉത്തമോപദേഷ്ടാക്കളായിപ്പരിലസിക്കുന്നതു് ഇവരുടെ കാവ്യതല്ലജങ്ങളത്രെ. ഈ കവികോകിലദ്വയത്തിൻെറ കളകൂജിതങ്ങളാൽ മുഖരിതമായും നിസ്സൎഗ്ഗരമണീയമായും പ്രശോഭിക്കുന്ന സാഹിത്യനഭോമണ്ഡലത്തിൽ സ്വൎഗ്ഗാനുഭൂതിയെ അനുഭവിച്ചു വിഹരിക്കുന്നതിനു സഹൃദയഹൃദയങ്ങൾക്കാകാംക്ഷയുണ്ടായാൽ കൈരളി കൃതാൎത്ഥയായി.

—:o:—

# ഒരു ചരമം.

( എൽ. വെങ്കടേശ്വരൻ—ക്ലാസ് IV. )

1

രാത്രിതൻവേഷംകണ്ടുപേടിച്ചു, നഭസ്ഥലം
വീഴ്ത്തുന്നു, കണ്ണീർ മഞ്ഞിൻതുള്ളിയെന്നുള്ള പേരിൽ;
ശാരദചന്ദ്രൻ നീലമേഘത്താൽമറഞ്ഞുപോയ്;
താരങ്ങളൊന്നൊന്നായി മങ്ങിമാഞ്ഞിടുന്നിതാ;
ഇരുട്ടിൻശക്തിമൂലം ഖദ്യോതപംക്തിയല്ലാ
തൊരുത്തൻപോലുമപ്പോൾ ചരിക്കുന്നില്ലമന്നിൽ;
ആമ്പലോ, തടാകത്തിൻ മടിയിൽവാടിവാടി
കുമ്പിടുന്നിതാ! മഞ്ഞുതുള്ളിയൊന്നവൾകണ്ണിൽ
വഹിപ്പൂ! കാന്തൻഗമിച്ചീടവേ, വിധിതൻെറ
സാഹസംസഹിക്കാതെ, ഖിന്നയായ്തലതാഴ്ത്തി.

2

കട്ടിലിൽ—രോഗത്തിനാൽ—ശയിപ്പൂപ്രിയമിത്ര—
മൊട്ടുപേർചുററുംനിന്നു നോക്കുന്നു, സംഭ്രാന്തരായ്;
ദീപമോമങ്ങിമങ്ങിക്കത്തുന്നിതെൻമിത്രത്തിൻ
ജീവനുംമങ്ങുമാറായ്;—ശ്വാസവുംനിലച്ചിതാ

കേഴുന്നബന്ധുക്കളോ, മൃത്യുവക്ത്രത്തിൽപെട്ട
കേഴമാൻകിടാവിനെത്തേടുന്നതൻമാതാവോ,
രോദിപ്പൂ; കണ്ണീർചൊരിഞ്ഞീടുന്നു; ബാലൻദീഘ-
നിദ്രയിൽലയിച്ചുപോയ്; മാതാവിതെങ്ങോക്കുന്നു?

.......................................................

മിത്രമേ! നടരാജ! താവകബന്ധുക്കളും
മിത്രവൃന്ദവും കേഴമാറാക്കി, യൌവനത്തിൽ
തന്നെയങ്ങുന്നനാകംപൂകുവാൻമൂലമായി
ത്തീന്നതെന്തുഹാ! ജ്ഞാനശക്തിയോ? വൈരാഗ്യമോ?

3

നൂതനപുഷ്പംവഹിച്ചീടുന്നതേനെന്തിനായ്
വീഴ്ത്തിനീവിധേ? വൃഥാവാട്ടിയകുസുമത്തെ.
ഏത്രയോഹൃദയത്തിൽ സാന്ത്വനാമൃതംതൂകും
തദ്ദൃഷ്ടിഭാഗ്യം! കഷ്ടം! നുള്ളിനീബാലാങ്കുരം,
ജീവിതാശകളെത്രപുഷ്ടിച്ചു; ഭാഗ്യോദയ-
ഭാവിതൻ തണലെത്രകണ്ടിതെൻപ്രിയമിത്രം;
ഓരോന്നുംവൃഥാവിലായ്; ദുവ്വിധികാഠിന്യത്തിൻ
പേരൊന്നുമാത്രംലോകം കേട്ടുകൊണ്ടിരിക്കുന്നു.
ആക്കുചിന്തിക്കാമായസ്സുള്ളനാം കണ്ണീരൊട്ടു
വാക്കാതെബാലാങ്കുരം ശോഭിച്ചൊരുദ്യാനത്തെ

.......................................................

4

ഭാവിയിൽ—ദൂരദിക്കിൽ—വേർതിരിഞ്ഞൊററക്കായി
ജ്ജീവിതമാർഗ്ഗത്തിൽ ഞാൻ, ശ്രാന്തനായ്ചരിക്കവേ;—
യൌവനത്തേന്മാവേറി—ഓമ്മപ്പൂങ്കുയിൽഭവ്യ-
ദിവ്യസംഗീതംമുഴക്കീടവേ പഞ്ചമത്തിൽ;—
സൌവണ്ണകാന്തിചിന്നും പ്രേമാക്കൻകരത്താലെ,
ജീവിതോദ്ദേശപ്പട്ടിൻ തങ്കനൂൽ, മിനുക്കവേ;—
വിദ്യാത്ഥിജീവിതത്തിൻ ഭാഗങ്ങളോരോന്നായെൻ
ഹൃത്തിലായ്മാറിമാറി ഞാനന്നുചിന്തിക്കവേ;—
കണ്ടിടും! സഖേതവചന്ദ്രികാമന്ദഹാസ-
മണ്ഡിതംമുഖേന്ദുഞാനെൻ മനോനഭസ്സിലായ്.

———

# പുരാതനഭാരതീയരുടെ വിദ്യാഭ്യാസം.

( ഡാക്ടർ എൽ. എ. രവിവമ്മ—എം. ബി. സി. എം., ഡി. ഓ., എം. എസ്സ്.—ഒരു പഴയ വിദ്യാൎത്ഥി. )

തങ്ങളിൽനിന്നും സംസ്കാരംകൊണ്ടെത്രയോ അകന്ന വിദേശീയരുടെ ആക്രമണങ്ങൾ, അങ്ങിനെയുള്ളവരുടെ നാട്ടുവാഴ്ച എന്നിത്യാദി പല കാരണങ്ങൾകൊണ്ടും, എടക്കാലത്ത്; ഭാരതഭൂമിയിൽ വിദ്യാഭ്യാസത്തിനു പ്രചാരവും, പുഷ്ടിയും വളരെക്കുറയാനിടവന്നു; പോരാ, വിദ്യാഭ്യാസം നാമാവശേഷമായിത്തന്നെ പരിണമിച്ചു. എന്നാലക്കാലങ്ങൾക്കു മുമ്പിൽ ഭാരതഭൂമി വിദ്യാസമ്പന്നമായിരുന്നുവെന്നുള്ളതിന്, എടക്കാലത്തെ കലാപങ്ങളിൽപെട്ടു നശിച്ചതിൻെറ ബാക്കിയായി കിട്ടിയിട്ടുള്ള നാനാവിഷയങ്ങളിലുമുള്ള വിലതീരാത്ത ഗ്രന്ഥങ്ങളും, തക്ഷശില, നളന്ദ, മുതലായ ഗുരുകുലങ്ങളേപ്പററി ലഭിച്ചിട്ടുള്ളെടത്തോളമുള്ള ചരിത്രശകലങ്ങളും, മതിയായ ലക്ഷ്യങ്ങളാണ്. ധമ്മശാസ്ത്രാദികളിൽനിന്നും വിദ്യാഭ്യാസത്തിനവർ വച്ചിരുന്ന വിലയും, വിദ്യാഭ്യാസംകൊണ്ടവരുദ്ദേശിച്ചിരുന്ന ഫലവും, അതിനെ പ്രചരിപ്പിക്കുവാനെടുത്ത ഉപായങ്ങളും നമുക്കറിയാൻ കഴിയും. നാമിന്നനുഭവിച്ചുമറിഞ്ഞും വരുന്ന പാശ്ചാത്യവിദ്യാഭ്യാസ സമ്പ്രദായങ്ങളും, നമ്മുടെ നാട്ടിൽ പണ്ടുണ്ടായിരുന്നവയും തമ്മിൽ ഒരു ഗുണദോഷചിന്തനം ചെയ്യുന്നത്, ഭാരതഭൂമിയുടെ ഈ ദശാപഹാരഘട്ടത്തിൽ കൌതുകാവഹവും, ഭാവിശ്രേയസ്സിനുപകാരവും ആയിരിക്കും.

പണ്ടു ഭാരതഭൂമിയിൽ നാലു വൎണ്ണങ്ങളായി അവാന്തരവിഭാഗം ചെയ്തിരുന്ന ഒരേ ഒരു സമുദായമേ ഉണ്ടായിരുന്നുള്ളുവെന്നു പ്രത്യേകം ഓമ്മിക്കേണ്ടതാണ്. ഈ സമുദായത്തിന് പുറമേ ദസ്യുക്കൾ എന്ന പേരിലറിഞ്ഞുവന്ന ഒരു ശത്രുസമുദായം മാത്രമേ ഉണ്ടായിരുന്നുള്ളു. നല്ല കണ്ണോട്ടവും കരളുറപ്പുമുണ്ടായിരുന്ന ആൎയ്യസമുദായം കുറച്ചുകാലംകൊണ്ട് ഈ ദസ്യുക്കളെ തോല്പിച്ചു ക്രമേണ അവൎക്കും സംസ്കാരമുണ്ടാക്കി അവരേക്കൂടെ തങ്ങളുടെ കൂട്ടത്തിൽ ലയിപ്പിച്ചുവെന്നു "വിതപക്ഷണഃ സമൃതൌ ചക്രമാസജോഽസുനപതോവിഷുണഃ സുനപതോവൃധഃ ഇന്ദ്രോവിശപസ്യദഭിതാ വിഭീഷണോയഥാവശം നയതിദസ്യുമായ്യഃ" ( ഋക്–ഒ. വർ. ന്യ. ) എന്നിത്യാദി ശ്രുതികളിൽനിന്നുതന്നെ തെളിയുന്നു. അപ്പോൾ പണ്ടു ഒരൊററ സമുദായമേ ഉണ്ടായിരുന്നൊള്ളുവെന്നു കരുതിയാൽ പോരാഴികയില്ല.

ഈ ആൎയ്യന്മാർ, സാമുദായികദൃഷ്ട്യാ തങ്ങൾക്കാവശ്യമെന്നു തോന്നിയ സകലചിട്ടകളും, ക്രമങ്ങളും, ഒരുകാലത്തും നശിക്കാതിരിക്കുവാൻ വേണ്ടി, 'മത'ത്തിൻെറ അംഗമായിത്തന്നെ കല്പനചെയ്തു. ഈ ചിട്ടക

ൾക്ക് വല്ല കുററവും കുറവും വന്നാൽ തെററിൻെറ തോതനുസരിച്ചു നിസ്സാരമായ പ്രായശ്ചിത്തം മുതൽ പരമാവധിയായ സമുദായഭ്രഷ്ടുവരെ ശിക്ഷകളും ഏർപ്പെടുത്തി. ഇങ്ങിനെ മതാംഗമാക്കിത്തീർത്തുകൂട്ടത്തിൽ വിദ്യാഭ്യാസവും ഉൾപ്പെട്ടിരുന്നു. മൂന്നാമത്തെ വയസ്സിലോ, അഞ്ചാമത്തെ വയസ്സിലോ അക്ഷരാഭ്യാസം തുടങ്ങിക്കുക, നാലു വർണ്ണക്കാക്കും, അതായത്, ആര്യസമുദായത്തിനാകമാനം ഒഴിക്കാൻ പാടില്ലാത്ത ഒരു 'ക്രിയ' ആക്കിവച്ചു. ഇതാണ് വിദ്യാരംഭം. നാലാമത്തെ വിഭാഗമായ ശൂദ്രനു വിദ്യ അനുവദിച്ചിരുന്നില്ലെന്നാണിന്നത്തെ പൊതുവേയുള്ള ബോധം. ഇതു ശരിയല്ല. ശൂദ്രരേപ്പററി ധർമ്മശാസ്ത്രം പറയുന്നത് "നാശ്രയേല്ലിപിമൂകതാം" എഴുത്തു പഠിക്കാതെയിരുന്നുകൂടാ, എന്നാണ്. സ്ത്രീകൾക്കും അക്ഷരാഭ്യാസം കൂടിയേകഴിയൂ, എന്നുതന്നെയാണവരുടെ വിധിയിരിക്കുന്നത്. ഈ ധർമ്മശാസ്ത്രവിധികൊണ്ടു അക്ഷരജ്ഞാനം (Literacy) സമുദായമൊട്ടുക്ക്, ആണിനും പെണ്ണിനും നിർബന്ധിതമാക്കിയിരുന്നു. ഇതു തേഞ്ഞുമാഞ്ഞു ഇപ്പോൾ വെറുമൊരു 'ചടങ്ങാ'യിത്തീർന്നതവരുടെ കുററമല്ല, ഏടക്കാലത്തുണ്ടായ കുഴപ്പങ്ങളുടെ ഫലമാണ്.

ഇതിനുപുറമേ ആദ്യത്തെ മൂന്നുവർണ്ണത്തിലുമുള്ള ആൺകുട്ടികൾക്ക് ഉപരിവിദ്യാഭ്യാസവും നിർബന്ധിതമായിരുന്നു. ഇത്രവയസ്സിനകം ഉപരിവിദ്യാഭ്യാസാർത്ഥം ഗുരുകുലത്തിലേക്കുപനയിക്കപ്പെട്ടില്ലെങ്കിൽ ആ ബാലൻ സമുദായത്തിൽനിന്നും ഭ്രഷ്ടനായിപ്പോകുമെന്നാണ് വിധി. സ്ത്രീകൾക്കും ശൂദ്രർക്കും ഈ ഉപരിവിദ്യാഭ്യാസം പൊതുവിൽ നിഷേധിച്ചിരുന്നുവെങ്കിലും തക്ക യോഗ്യതയുള്ളവക്കനുവദിച്ചുമിരുന്നുവെന്നു ശ്രുതിയിലേ പല ഘട്ടങ്ങൾകൊണ്ടും നമുക്കറിയാം. ഈ ഉപരിവിദ്യാഭ്യാസവിധിയും കാലംകൊണ്ടു വെറും ചടങ്ങായിത്തീർന്നിട്ടുണ്ട്. ഇതും മുൻപറഞ്ഞതുപോലെ കാലക്കേടുകൊണ്ടു മാത്രം വന്നു ഭവിച്ചതാണ്, പൂർവ്വികന്മാരുടെ കുററമല്ല. അവരുടെ വിധികളെ അർത്ഥവത്തായിപ്പാലിച്ചിരുന്നെങ്കിൽ ആര്യസമുദായത്തിൽ അഞ്ചുവയസ്സിനുമേലുള്ള നൂററിനുനൂറിനും അക്ഷരജ്ഞാനവും, ൧൬ വയസ്സിനു മേലുള്ളവരിൽ ചുരുങ്ങിയതു ൭൫ ശതമാനം ആളുകൾക്ക് ഉപരിവിദ്യാഭ്യാസവും നിശ്ചയമായുമുണ്ടായിരുന്നേനേ.

ശൂദ്രരേയും സ്ത്രീകളേയും ഉപരിവിദ്യാഭ്യാസത്തിൽനിന്നും ഒഴിച്ചുകളഞ്ഞതു ശരിയാണോ എന്നു ചോദിച്ചേക്കാം. സൂക്ഷ്മമാലോചിച്ചാൽ മുഴുവനേ തെറെറന്നും പറയാൻ വയ്യ, തെററല്ലെന്നും പറയാൻ വയ്യ എന്ന നിലയിലാണിരിക്കുന്നത്. ഇന്നത്തെ ഉപരിവിദ്യാഭ്യാസഫലമായി സ്ത്രീകൾക്കു സ്വധർമ്മമായ ഗൃഹഭരണത്തിൽ ഏറെക്കുറെ വൈമുഖ്യം കാണുന്നുണ്ട്; സ്പഷ്ടമേ വൈമുഖ്യമില്ലാത്ത ദിക്കിലും പരധർമ്മസ്വീകരണഫലമായി സ്വധർമ്മം വഴിപോലെ പാലിക്കാൻ തരപ്പെടാതെ വരുന്നുണ്ടെന്നു ഖണ്ഡിച്ചു പറയാം. ഈയവസ്ഥ നാളത്തേലോകത്തിനു ദോഷകരമാണെന്നുള്ളതിനും സംശയമില്ല. ഇങ്ങിനെയൊരു ഘട്ടം വന്നുചേരരുതെന്നു കരുതി മാത്രമായിരിക്കാം നിത്യബ്രഹ്മചാരിണികളായി വാനപ്രസ്ഥ

കളായിക്കഴിയാൻ ബലമായ ആഗ്രഹമുള്ളവക്കൊഴിച്ചു മററു സ്ത്രീകൾക്കു ഉപരിവിദ്യാഭ്യാസം പൂർവ്വന്മാർ നിഷേധിച്ചതു എന്നു വിചാരിക്കാനാണ് സംഗതി കാണുന്നതു്.

തൊഴിൽ ചെയ്യാനുള്ളവരുടെ കുറവും, ഉപരിവിദ്യാഭ്യാസം സിദ്ധിച്ചവരുടെ തൊഴിലില്ലായ്മയും ഇന്നത്തേപ്പോലെ വരരുതെന്നു കരുതി ആയിരിക്കാമോ തൊഴിലാളിവർഗ്ഗത്തെ ഉപരിവിദ്യാഭ്യാസത്തിൽനിന്നും പൊതുവേ മാററിനിറുത്തിയതു് എന്നും സംശയിക്കേണ്ടിയിരിക്കുന്നു. എന്നാൽ ജന്മംകൊണ്ടു മാത്രം ഒരുവൻ ഉപരിവിദ്യാഭ്യാസത്തിനർഹനാവാതെ പോകുമല്ലോ. അതു വലിയ തെററല്ലേ എന്ന ചോദ്യത്തിനവകാശമുണ്ട്. പക്ഷേ, ഇന്നും ജന്മംകൊണ്ടു സിദ്ധിക്കുന്ന ഒന്നിനെ, പിതൃസ്വത്തിൻെറ അളവിനേ, ആശ്രയിച്ചാണ് യഥാർത്ഥത്തിൽ ഉപരിവിദ്യാഭ്യാസലബ്ധി സ്ഥിതിചെയ്യുന്നതെന്നു മറക്കരുതു്. ചിലപ്പോൾ നിസ്വന്നു തക്ക യോഗ്യതയുണ്ടെങ്കിൽ കയറിവരാൻ വഴിയിന്നുണ്ടെന്നു പറയുന്നതായാൽ തക്ക യോഗ്യതകാണിച്ച തൊഴിലാളിവർഗ്ഗത്തിനന്നും ഉപരിവിദ്യാഭ്യാസം ചെയ്യാൻ സാധിച്ചിരുന്നുവെന്നു, കവഷൻ, ഐതരേയൻ മുതൽ പേരുടെ കഥകൾ ( ശ്രുതിപ്രമാണം ) നമ്മെ മനസ്സിലാക്കുന്നു. കാര്യമിങ്ങിനെയെല്ലാം പറഞ്ഞുനില്ക്കാമെങ്കിലും സ്ത്രീകൾക്കും ശൂദ്രക്കുംകൂടി ഉപരിവിദ്യാഭ്യാസത്തിനു തക്ക വഴികൾ അവർ വെച്ചിരുന്നെങ്കിൽ അധികം നന്നായിരുന്നേനേ എന്നു പറയാതെ തരവുമില്ല.

പുരാതനഭാരതീയാര്യന്മാർ വിദ്യാഭ്യാസത്തിൻെറ പരമഫലമായി കരുതിവന്ന പ്രാപ്യസ്ഥാനവും, തൽപ്രാപ്തിക്കായി·അവർ ഉണ്ടാക്കിയ ചിട്ടകളും വളരെ യുക്തിയുക്തവും രസകരവും ആയിരുന്നു. പാശ്ചാത്യരുടെ പരമമതം ' Knowledge for its own Sake'–'തന്മാത്രാർത്ഥം ജ്ഞാനം' എന്നാണ്. ഈ ആദർശത്തിനു വലിയ ഒരു ന്യൂനതയുണ്ട്. അറിവുകൊണ്ടു ദൃഷ്ടമായുമദൃഷ്ടമായും അറിവു സിദ്ധിച്ചുവെന്നൊഴിച്ചൊരു ഫലവും വരാനില്ലെന്നു വന്നാൽ അത്യധികം കഷ്ടപ്പെട്ടറിവുസമ്പാദിക്കുവാനാരൊരുങ്ങും? ഇതിനുംപുറമേ ഈ മൊഴിയൊട്ടു സത്യവുമല്ല. അറിവൊന്നിൻെറ സഹായം കൂടാതെ ലോകയാത്ര സുഗമമാവുകയില്ലെന്നു വെറും പാമരന്മാക്കുപോലും ബോദ്ധ്യമുള്ള സംഗതിയാണ്. ഈ സത്യത്തെ അടിസ്ഥാനപ്പെടുത്തി ഭാരതീയൻ വിദ്യയെ പുരുഷാർത്ഥപ്രാപ്തിക്കുള്ള ഉപായമായി കരുതിയും കണ്ടും വന്നു, അതായതു ജീവിതം സഫലമാകാൻ വിദ്യകൂടിയേ മതിയാവൂ എന്നവർ അറിഞ്ഞിരുന്നു.

മനുഷ്യൻെറ എപ്പോഴുമുള്ള ഏകോദ്ദേശ്യം സുഖം സമ്പാദിക്കാൻ തന്നെ. വേദാന്തിയുടെ മുക്തിയും സുഖം തന്നെ—പരമവും നിത്യവുമായ സുഖം, എന്നേയുള്ളൂ. ലൌകികരിച്ഛിക്കുന്നതും സുഖംതന്നെ. ഇങ്ങിനെ സകലരാലുമൊരുപോലെ സദാ പ്രാർത്ഥിക്കപ്പെടുന്ന സുഖം സമ്പാദിക്കാനുള്ള വഴിയാണ് വിദ്യാഭ്യാസമെന്നു ലോകത്തിനു ബോദ്ധ്യം വന്നാൽ ആരുതന്നെ എത്ര ക്ലേശം സഹിച്ചാലും വിദ്യസമ്പാദിക്കാൻ യത്നിക്കാതെയിരിക്കയില്ല? ജീവിതത്തിൽ അവശ്യം സമ്പാദിക്കേണ്ട സുഖം ലഭിക്കുന്ന

തിനു നാലുജാതി കൎത്തവ്യങ്ങൾ നിൎവ്വഹിച്ചേ മതിയാവു. ഈ കൎത്തവ്യങ്ങൾ നിൎവ്വഹിക്കുന്നതുതന്നെയാണ് സുഖരൂപത്തിൽ പരിണമിക്കുന്ന ബോധവിശേഷം. ഈ നാലിനേയുമാണവർ പുരുഷാൎത്ഥങ്ങൾ എന്ന പേരിലറിഞ്ഞുവന്നതു്. ഒന്നാമതായി താൻ സുഖം സമ്പാദിക്കാൻ ചെയ്യുന്ന ശ്രമത്തിൻെറ ഫലമായി അന്യൎക്കു, അതായതു, ലോകത്തിന്, യാതൊരു ഹാനിയും വന്നുപോവാതിരിക്കണം. ഇതാണ് ധൎമ്മമെന്ന പ്രഥമപുരുഷാൎത്ഥം. ലോകത്തിനും, തദ്വാരാ,തദംഗമായ തനിക്കും അധഃപതനം വന്നുപോകാതെ താങ്ങായിട്ടുതീരുന്ന, ലോകസന്ധാരണത്തിനു പൎയ്യാപ്തമായ വഴിയാണ് ധൎമ്മമാൎഗ്ഗം. ഈ വഴി അഭ്യസിച്ചു ശീലിക്കാതെയിരുന്നാൽ മററു പുരുഷാർത്ഥങ്ങൾ സാധിക്കാൻ പുറപ്പെടുമ്പോൾ ലോകത്തിനു സങ്കടം സംഭവിച്ചേക്കാം. അതിനാൽ പൂൎവ്വഭാരതീയരുടെ വിദ്യാഭ്യാസത്തിൻെറ പ്രഥമഘട്ടം ഇന്നതു ചെയ്യണം, ഇന്നതരുതു, ഇന്നതുമാവാം എന്നിങ്ങനെ വിധിനിഷേധാനുവാദരൂപങ്ങളിലുള്ള ചിട്ടകൾ ശീലിപ്പിക്കുകയായിരുന്നു. ഈ ഘട്ടം ഇന്നും, എന്നും തൊട്ടിലിൽതന്നെ തുടങ്ങിയും നിരന്തരമായഭ്യസിച്ചും അല്ലാതെ ഗ്രന്ഥത്തിൽനിന്നും പഠിക്കാവുന്നതല്ല: ഗ്രന്ഥത്തിൽനിന്നും ചിട്ടകൾ കാണാപ്പാഠമാക്കിയതുകൊണ്ടു ആവശ്യത്തിനുപകരിക്കുകയില്ല. ഗ്രന്ഥപരമായും, പ്രത്യക്ഷപ്രമാണമായും തെററാണെന്നു നല്ല നിശ്ചയം വന്നിട്ടുള്ള യൂറോപ്പിയൻ ഡാക്ടർമാർ (അവരുടെ തനിശ്ശിഷ്യവൎഗ്ഗവും) നാവിൽതൊട്ടു വിരൽനനച്ചു കടലാസു മറിക്കുന്നതു നിത്യവും കാണാവുന്ന സംഗതിയാണ്. രോഗാണുവെന്നു കേട്ടിട്ടുപോലുമില്ല, അക്ഷരജ്ഞാനം തന്നെ പരുങ്ങൽ, എന്നീത്തരത്തിലുള്ള മൂസ്സാമ്പൂരിക്കു വേണമെന്നുവച്ചാൽപോലും നാക്കിൽ തൊട്ടു കടലാസു മറിക്കാൻ കയ്യോടുകയേ ഇല്ല. ഇതാണ് ഏട്ടിൽ പഠിച്ചതും കാട്ടിപ്പഠിച്ചതും തമ്മിലുള്ള ഭേദം. ഭാരതീയർ ജന്മപ്രഭൃതി കിടാങ്ങളെ വിധിനിയമങ്ങളെ അനുഷ്ഠിപ്പിച്ചും, നിഷേധങ്ങളെ വൎജ്ജിപ്പിച്ചും തന്നെ വളൎത്തിവന്നു. ഇങ്ങിനെ അഭ്യാസംകൊണ്ടു ധർമ്മനിയമങ്ങളനുസരിച്ചു നടക്കുക, സ്വാധീനവും സ്വാഭാവികവും ആക്കിക്കൊണ്ടുവരുന്നതിനോടു കൂടി അക്ഷരാഭ്യാസവും ഉണ്ടാക്കിക്കൊടുത്തു. ഈവിധത്തിൽ ഒരേഴെട്ടുവയസ്സു തികഞ്ഞാൽ, പരമയോഗ്യന്മാരായ ഗുരുക്കന്മാരുടെ തനതുനോട്ടത്തിൽ നടത്തുന്ന ഗുരുകുലങ്ങളിലേക്കയക്കുകയായി. അവിടെവച്ചു അവൻ ശേഷം മൂന്നു പുരുഷാൎത്ഥങ്ങളും സാധിക്കത്തക്ക അറിവുകൾ സമ്പാദിക്കുന്നു. ഇക്കൂട്ടത്തിൽ പ്രഥമപുരുഷാർത്ഥസാധകമായ ചിട്ടകളുടെ യുക്തിയുമർത്ഥവും കൂടി അവർ മനസ്സിലാക്കുന്നു.

ലോകത്തിൽ കഴിഞ്ഞുകൂടുന്നതിന്, വിശേഷിച്ചും, ദ്വിതീയാശ്രമമിരിക്കുന്നവൎക്കു അൎത്ഥം കൂടാതെ തരമില്ല. അതിനാൽ ഗുരുകുലത്തിൽ ആദ്യമായി പഠിപ്പിച്ചുവന്നതു ധൎമ്മത്തിനു ഹാനികരമല്ലാതെ ആവശ്യത്തിനു വേണ്ടുന്ന ധനം ന്യായമായി സമ്പാദിക്കാനുള്ള ഉപായങ്ങളായിരുന്നു. ക്ഷത്രിയനു അസ്ത്രശസ്ത്രാദിപ്രയോഗം, വൈശ്യന് കൃഷിവാണിജ്യാദി സംബന്ധിച്ച സംഗതികൾ, ബ്രാഹ്മണനു യജ്ഞാദിവൈദികപ്രയോഗവി

ധികൾ എന്നിവയായിരുന്നു ഇതിൻെറ ഒരു രൂപം. ഈ ജാതി വിദ്യകൾ എല്ലാം, ഭൗതികജ്ഞാനം, അപരാവിദ്യാംശം ആണെന്നു പറയേണ്ടതില്ലല്ലോ.

ഈ അർത്ഥാപ്തിക്കുള്ള വഴികൾ ഗ്രഹിക്കുന്നതിനോടുകൂടിത്തന്നെ, തനിക്കും തന്നോടിടപെടേണ്ടിവരുന്നവർക്കും മനസ്സുഖവും ആഹ്ലാദവും കിട്ടത്തക്കതായ വിദ്യകളും ( തൃതീയപുരുഷാർത്ഥസാധകങ്ങൾ ) രുചിയനുസരിച്ചു ഗുരുകുലത്തിൽ അഭ്യസിപ്പിച്ചിരുന്നു. കാവ്യനാടകാദികൾ, സംഗീതം, ചിത്രമെഴുത്തു, മുതലായ ഉല്ലാസകലകളെല്ലാം ഈ കൂട്ടത്തിലുൾപ്പെട്ടിരുന്നു.

ഇത്രയും അതായതു് പ്രഥമ ദ്വിതീ തൃതീയ പുരുഷാർത്ഥങ്ങളെ സാധിക്കത്തക്ക വിദ്യ ഗുരുകുലത്തിൽ പ്രവേശിക്കുന്ന എല്ലാ ശിഷ്യകൾക്കും ഒരുപോലെ പൊതുവേ കൊടുത്തിരുന്നു. പ്രത്യേകം യോഗ്യതയും സാമർത്ഥ്യവുമുണ്ടെന്നും, സർവ്വദാ അർഹനാണെന്നും തോന്നുന്ന ശിഷ്യകൾക്കു നാലാം പുരുഷാർത്ഥസാധകമായ വിദ്യകളും രഹസ്യമായി ഉപദേശിച്ചിരുന്നു. ഈ വിദ്യകളടങ്ങിയ ഗ്രന്ഥങ്ങളാണ്, ഉപനിഷത്തുകൾ, ദർശനങ്ങളിൽ പലതും എന്നിവ. നാലാം പുരുഷാർത്ഥം—മോക്ഷം—എന്നു പറഞ്ഞാൽ ലോകംവിട്ടു കാട്ടിലേയ്ക്കോടുകയാണെന്നോ, ഗംഗയിലോ മറേറാ പോയി ചാടുകയാണെന്നോ ഒന്നും ഭ്രമിക്കരുതു്. മിത്ഥ്യാബോധങ്ങളിൽ നിന്നുമുള്ള മോചനമാണ് മോക്ഷം. തെററായ അറിവും അജ്ഞതയും തന്നെ നമ്മുടെ വിലങ്ങുകളും കാരാഗൃഹങ്ങളും. പരമാർത്ഥബോധം വരിക എന്നുള്ളതുതന്നെ ഈ ബന്ധങ്ങളിൽനിന്നുമുള്ള മോചനം, മോക്ഷം. മോക്ഷത്തെ രണ്ടു ജാതിയായി ഗണിച്ചും പ്രയോഗിച്ചും വന്നു. അപരാവിദ്യയിലെ പരമതത്വങ്ങളെ അറിയുന്നതും ഒരു എളിയതരം മോക്ഷമായിത്തന്നെ ഗണിച്ചിരുന്നു. ഇതാണിന്നത്തെ Higher Philosophy of Pure Sciences എന്നു പറയുന്നതു്. ആത്മപരമായ മോചനമാണ് സാക്ഷാൽ മോക്ഷമായി കരുതിയതു്. ലോകത്തിൻെറ ആകമാനമുള്ള പരമാർത്ഥജ്ഞാനം കിട്ടുന്നതുതന്നെ ഈ മോക്ഷം എന്നു് വേദാന്തഗ്രന്ഥങ്ങളിൽനിന്നും നമുക്കറിയാം. ഈവക പരമാർത്ഥജ്ഞാനത്തിനായി യത്നിക്കുന്നവരെ ഇന്നത്തെ Research workers, ഗവേഷകന്മാരോടു തുലനം ചെയ്യാം. ഈ വർഗ്ഗം, ഇന്നും, എന്നും, വളരെ വളരെ ചെറുതായിട്ടേ ഇരിക്കുവെന്നു പറയേണ്ടതില്ലല്ലോ. ഇക്കാലത്തും ഈ ഘട്ടത്തിൽ പ്രവേശിക്കുവാൻ പ്രത്യേകയോഗ്യതകൾ വേണം. അഥവാ പ്രത്യേകയോഗ്യതയുള്ളവരും അത്യന്തം ജിജ്ഞാസുക്കളും മാത്രമേ അങ്ങോട്ടു തിരിഞ്ഞുപോലും നോക്കു.

ഇപ്രകാരം ഉണ്ടായിരുന്ന ഗുരുകുലങ്ങളിൽ പഠിച്ചു ഗൃഹത്തിലേക്കു സമാവർത്തനം ചെയ്യുന്നവർ, ചുരുങ്ങിയതു്, ലോകത്തിനു ഹാനികരമല്ലാത്തവിധത്തിൽ ജീവിക്കാൻ അഭ്യസിച്ചു വശമാക്കിയവരും, കാലക്ഷേപത്തിന് വേണ്ടതുണ്ടാക്കുവാൻ തക്ക ഉപായങ്ങൾ അഭ്യസിച്ചുവരുത്തിയവരും, തനിക്കും തന്നോടൊരുമിച്ചു കഴിയേണ്ടവർക്കും ആഹ്ലാദവുമുല്ലാസ

വും സുലഭമാക്കുന്നതിനു തക്കവിധങ്ങൾ അറിഞ്ഞവരും, ആയിരുന്നു. ചിലർ. പരമതത്വങ്ങൾ മനസ്സിലാക്കിയവരും, ലോകോപകാരാൎത്ഥം മേൽ യത്നിക്കാൻ തക്കവിധം പരമതത്വങ്ങളിൽ നിഷ്ണാതന്മാരുമായിരുന്നു. അന്നത്തെ വിദ്യാഭ്യാസത്തിന്റെ സമ്പ്രദായഭേദംകൊണ്ടു്, ഗുരുകുലംവിട്ടു ഗൃഹത്തിലെത്തുന്നവൎക്കു 'തൊഴിലില്ലാത്തൊഴിലി'ലേൎപ്പെടേണ്ട ആവശ്യം നേരിട്ടിരുന്നില്ല. ഇന്നത്തെ 'സൎവ്വകലാശാലാബിരുദധാരി'കൾക്കു 'I have the honour to be, sir, your most obedient, humble and tumble down servant', എന്നു പേരിനു മേലെഴുതത്തക്ക ഉദ്യോഗമൊന്നുമില്ലെങ്കിൽ ഓരാണ്ടു മുന്നൂററുപത്തഞ്ചു ദിവസവും "ഏകാദശി"തന്നെ! കഷ്ടം!.

ഇതിനും പുറമേ, ലോകയാത്ര സുഖമാക്കുന്നതിനു പരമപ്രധാനമായ സഹനശീലം, സഹകരണബുദ്ധി, സമഭാവന, എന്നീവക ഗുണങ്ങളും അന്നത്തെ ഗുരുകുലവാസംകൊണ്ടു കിട്ടിവന്നു. ഗുരുകുലത്തിൽ, ശുദ്ധമേ കുചേലനും, നാളെ രാജ്യം വാഴാനുള്ള കൃഷ്ണനും തമ്മിലണുവും ഭേദമില്ല. രണ്ടാളും സഹോദരരേപ്പോലെ വേണമവിടെക്കഴിയാൻ; രണ്ടു പേരും ഗുരുകുലത്തിൽ വേണ്ട ഏതുവേലയും,—കാട്ടിൽപോയി വിറകു ശേഖരിക്കുക, പശുവിനേത്തീററുക, എന്നിവയെല്ലാം—ഒപ്പം ചെയ്യണം. ഏതു കഷ്ടപ്പാടും, ഏതു വേലയും, എല്ലാവരും സഹിക്കാനും ചെയ്യാനും പഠിക്കണമെന്നായിരുന്നു അവരുടെ ആദൎശം. വില്ഹെലം രാജ്യഭ്രഷ്ടനാകുന്നതെന്നാണെന്നാൎക്കറിയാം! അന്നും അവനു് ഒരു മനുഷ്യനായിക്കഴിയാൻ ശേഷിയുണ്ടായിരിക്കണമെന്നു കരുതിയാണു് പൂൎവ്വഭാരതീയർ ഗുരുകുലക്രമങ്ങൾ ശരിപ്പെടുത്തിയതു്; അല്ലാതെ, വെറും 'ക്ലൎക്കു'മാരെ ഉണ്ടാക്കുന്ന യന്ത്രമല്ലായിരുന്നു ഗുരുകുലങ്ങൾ. ഇന്നാണെങ്കിൽ ഇക്കാൎയ്യം എങ്ങുംതന്നെ സാധിച്ചുവരുന്നില്ല. അടുത്ത കാലത്തായി ഇക്കാൎയ്യത്തിലേക്കുള്ള പാശ്ചാത്യന്റെ യത്നമാണു് "സ്കൌട്ടു്" സമ്പ്രദായം. ഇതു ഇനിയും സാൎവ്വത്രികമായിട്ടില്ല; എങ്ങും ഒരുപോലെ വ്യാപിച്ചാലും, ഈ സമ്പ്രദായത്തിനു്, സംയമനശീലം വളൎക്കാനുള്ളതിനേക്കാൾ ബാലിശത്വം വൎദ്ധിപ്പിക്കുവാനും, കെട്ടുകാഴ്ചകൾ നടത്താനുമുള്ള സ്വഭാവമാണിന്നു മുമ്പിട്ടുകാണുന്നതെന്നു പറയാതെ തരമില്ല.

ഈ വിധത്തിൽ, ആകമാനമായി നോക്കിയാൽ പുരാതനകാലത്തു ഭാരതഭൂമിയിലുണ്ടായിരുന്ന വിദ്യാഭ്യാസക്രമങ്ങൾ ഇന്നത്തേതിനെ അപേക്ഷിച്ചു പല ഭാഗങ്ങളിലും കൂടുതൽ നന്നായിരുന്നുവെന്നു സമ്മതിക്കുകയേ നിവൃത്തിയുള്ളു. നാളത്തേക്കുള്ള നമ്മുടെ വിദ്യാഭ്യാസപദ്ധതി രൂപപ്പെടുത്താൻ ചുമതലപ്പെട്ടവരുടെ കണ്ണു പുറകോട്ടുകൂടി ഒന്നു പതിയുന്നതു ഭാവിമംഗലത്തിനുതകുന്നതായിരിക്കുമെന്നേ പറയാനുള്ളു.

# ക്രൂട്ടിലെ തത്ത.

(അന്നനട.)

---

പി. മുരളീധരമേനോൻ, (Class III.)

1. സുരസങ്കേതമാം വിമലലോകത്തിൽ,
സുവിസ്തീൎണ്ണരമ്യഗഗനവീഥിയിൽ,
അതീവഭ്രയിഷ്ഠ വിമുക്തിയാസ്വാദി-
ച്ചിതേവരെച്ചലിച്ചിരുന്ന നീയിപ്പോൾ
നിരുദ്ധനാകുവാനതെന്തുകാരണം?
നരന്റെ വെൺമനോഗ്ഗുണത്തിൻ വ്യാപ്തിയോ?

2. വസന്തകാലത്തിൽ തമാലജാലത്തിൽ
വസതിനിൎമ്മിച്ച വസിച്ചിരുന്നതും,
പ്രകൃതിസൌന്ദൎയ്യം മനംകുളുൎക്കുന്ന
പ്രകാരമിച്ഛപോൽ നുകൎന്നിരുന്നതും,
സ്വകീയഗേഹിനീസമേതനായോരോ
പ്രകാമ മഞ്ജുളപ്പൂതുമലർക്കാവിൽ
ചരിച്ചിരുന്നതും, മധുസമഫല
നിരഭ്ജിച്ചതും മറന്നുവോ പക്ഷി!
സ്വാതന്ത്ര്യജീവിതം നിമന്ത്രണംചെയ്ത
സുവൎണ്ണവേളകളെവിടെ പൊയ്പ്പോയി?

3. സ്ഫുരിക്കുംതുവലാൽ നിയതിനിൎമ്മിച്ച
ഹരിതവൎണ്ണമാം കവചഭംഗിയും,
ഗളനാളവഴി വിനൎഗ്ഗളിയ്ക്കുന്ന
കളകളാരവമധുരഗാനവും,
നയനമോഹനം! ശ്രവണപീയൂഷം!
നിയതിസൃഷ്ടിച്ച മഹിതവസ്തുനീ!

4. പഴത്തുനന്നായിത്തുടിച്ച ചെന്തൊണ്ടി-
പ്പഴത്തിൻ വൎണ്ണത്തെ കവൎന്നൊട്ടത്തനിൻ
ചെറിയ ചഞ്ചാഗ്രം പവിഴക്കീറെന്നു
ധരിച്ചു, ലുബ്ധരിൽ മികച്ചൊരുമൎത്ത്യൻ
കളത്രമൊത്തുനീ നിശയിൽപ്പാൎക്കുമ്പോ-
ളൊളിച്ചുധന്യത കരുതിയോനിന്നെ
കരസ്ഥമാക്കീതു? കരങ്ങൾനീഡത്തിൽ
കടത്തി, നിൎദ്ദയന, തിനിഷ്ഠുണ്ടകൻ.
മനുഷ്യനെങ്ങിനെ ലഭിയ്ക്കുംസ്വാതന്ത്ര്യം
മനസ്സിൽദുഷ്ടതയിവിധമുള്ളപ്പോൾ?

5. ഇരുമ്പിൻകമ്പിയിലിടയ്ക്കു ചഞ്ചുാഗ്ര-
മുരച്ചിടുന്നതു പൊളിച്ചുപോകാനോ
അതോ, ഈക്കൂട്ടിലിട്ടടച്ച മർത്ത്യന്റെ
കഥകഴിയ്ക്കുവാൻ, പകരംപോക്കുവാൻ
ഉരച്ചുമൂർച്ചക്കൂട്ടിടുകയോ, വേണ്ടാ,
നരനറിയുകിൽ കഥപറയേണ്ടാ.
കടുത്തകത്തിയാൽ കഴുത്തുകീറുവാൻ
മടിക്കയില്ലവൻ പെരുത്തുനിർദ്ദയൻ.

6. പ്രഭൂതസ്വാതന്ത്ര്യ വിളനിലമായ
നഭസ്സിൽ,ലീശ്വരൻ പണിഞ്ഞവൻകൂട്ടിൽ
വളൎന്ന ജീവിയ്ക്കിങ്ങിരിയ്ക്കുവാൻതന്നെ-
സ്ഥലമില്ലാത്തയീ ചെറിയപഞ്ജരം
സുഖദമോ? ആത്തസ്വരഗീതംകേട്ടു
സുഖിക്കസൌധത്തിൽ മനുഷ്യ! നിഷ്ഠുരാ !!

7. കുസുമവാടിയിൽ, സുരമ്യസൂനങ്ങൾ
ലസിച്ചുനില്ക്കുന്ന ചെടിലതകളിൽ,
തകൎത്തു, ഗാനങ്ങൾ പൊഴിച്ചു, പൂമധു
നുകൎന്നു, മത്തരായ് കളിയ്ക്കുംകൂട്ടരേ—
വിഹഗജാലത്തെ—നിരീക്ഷിച്ചീടുമ്പോൾ
സഹനശക്തിയിൽ ലയിച്ചിടാറുണ്ടോ?

8. 'വരുന്നതൊക്കയും വരട്ടെ'യെന്നുള്ളിൽ
കരുതിയോയിടയ്ക്കിരിപ്പുനമ്രനായ്?
ഉയൎത്തുനിൻഗളം!, മനുഷ്യർതൻനേരി-
ട്ടയയ്ക്കില്ലാ കണ്ണെന്നെടുത്തിതോസത്യം?
സ്വദാരപുത്രാദി വിയോഗദുഃഖത്താ-
ലുദിച്ചുനില്ക്കുന്ന വിധുരാവസ്ഥയെ
നിരസിച്ചീടുക!—മധുരകൂജന-
മരന്ദപാതംനീ പൊഴിച്ചുകൊണ്ടാലും!
വിഹഗരത്നമേ! വെറുതെയെന്തിനായ്
വിഷാദിച്ചീടുന്നു?—സമാശ്വസിച്ചാലും!

9. 'സ്വതന്ത്രതവേണമെനിയ്ക്കു'തെത്രയും
ധൃതിയായിപ്പോയി—ലഭിയ്ക്കുന്നൊങ്ങിനേ?
വിമുക്തിജീവിയ്ക്കു കൊടുക്കാമർത്ത്യനു
വിമോചനാ ദൈവം പ്രദാനംചെയ്യുമോ?

—:o:—

UNIVERSITY 25 AUG 1932

## കർമ്മം. ( ഒരു പുരാണകഥ. )

( എ. ടി. )

മാളവദേശത്തു് അതിവിശിഷ്ടനും വേദവേദാംഗപാരംഗതനും, സകലശാസ്ത്രാർത്ഥസുശിക്ഷിതനും ആയ ഒരു ബ്രാഹ്മണോത്തമൻ വാണിരുന്നു. യൌവനദശയെ അതിക്രമിക്കുവാൻ ആരംഭിക്കുന്ന വയസ്സിൽ വർത്തിച്ചിരുന്ന അദ്ദേഹത്തിന്നു സൌന്ദര്യം, സുകുമാരതാ, മധുരതാ, കാന്തിമ്മനോഹാരിതാ എന്നുതുടങ്ങിയ ശ്ലോകം പൂർണ്ണമായി യോജിക്കുന്ന ഒരു വരവർണ്ണിനി ഏററവും അനുരൂപയായ ധർമ്മദാരങ്ങളായിട്ടുണ്ടായിരുന്നു. അനതീതശൈശവദശന്മാരായ രണ്ടു പുത്രന്മാരും അവരെ അത്യന്തധന്യന്മാരാക്കി വിലസിച്ചിരുന്നു. മനസ്സും കർമ്മവും സദാപി മംഗളമാർഗ്ഗത്തിൽ തന്നെ വിഹരിച്ചിരുന്ന ആ ബ്രാഹ്മണദമ്പതിമാരും തൽസന്താനങ്ങളും ആ പ്രദേശത്തുള്ള സകലരുടേയും പ്രശംസക്കു പാത്രമായും പാവനചരിതന്മാർക്കു മാതൃകയായും സുഖിച്ചുവാണിരുന്നു. ആചാരംകൊണ്ടും, ആകൃതികൊണ്ടും, അറിവുകൊണ്ടും അഖിലർക്കും ആദർശമായ ഈ കുഡുംബത്തിന് എന്തുകൊണ്ടു വിചാരിച്ചാലും സുഖവും സന്തോഷവുമല്ലാതെ വന്നുകൂടുവാൻ യാതൊരുവിധത്തിലും വയ്യാത്തതായിരുന്നു.

എന്നാൽ ഒരു ദിവസം രാത്രി ശയ്യാഗൃഹത്തിൽ സ്വഭാര്യയോടും മക്കളോടും കൂടി ശയിച്ചിരുന്ന ആ ദ്വിജവരൻ ഉറക്കം വരാതെ മനോരാജ്യത്തിൽ മുങ്ങി മേല്പോട്ടുനോക്കിക്കൊണ്ടു കിടന്നിരുന്നു. മററവർ മൂന്നുപേരും ഗാഢനിദ്രാവശംവദരായി സുഷുപ്തിയിൽതന്നെ സുഖിച്ചു കിടന്നിരുന്നു. അങ്ങനെ അല്പനേരം കഴിഞ്ഞപ്പോൾ മുകളിൽനിന്ന് ഒരു വെളുത്തുകനത്ത നൂലിൻെറ രൂപത്തിൽ എന്തൊ ഒന്നു തൂങ്ങിത്താഴത്തേക്കു വീണുവരുന്നതായി ആ ബ്രാഹ്മണൻ കണ്ടു. അത്ഭുതത്തിൽ മതിമറന്നു അദ്ദേഹം ആ വരുന്നതിനെത്തന്നെ സ്തബ്ധേന്ദ്രിയനായിട്ടു നോക്കിക്കൊണ്ടിരിക്കെ, അതു താഴത്തുവന്നു സർപ്പസ്വരൂപമായി ബ്രാഹ്മണപത്നിയേയും കുട്ടികളേയും കൊത്തുകയും ഉടൻതന്നെ അവർ വിഷമൂർഛിതരായി മരണംപ്രാപിക്കയും ചെയ്തു. അശനിതുല്യമായ ശോകാഗ്നിയിൽ പതിച്ച ആ സാധുദ്വിജൻ സങ്കടം സഹിയാതെ ഹൃദയഭേദിയായ ഈ മൃതശരീരവീക്ഷണം കൂടാതിരിപ്പാൻ പുറത്തുവന്നപ്പോൾ, അതാ, ശിവ! ശിവ! അദ്ദേഹത്തിന്നു അതിവാത്സല്യപാത്രമായ അതുംപോരാ പരിപൂർണ്ണഗർഭയായ, പശുവിനെ, ഒരു വ്യാഘ്രം പിടിച്ചു വിഴുങ്ങുന്ന കാഴ്ചയാണ് അവിടെ കണ്ടതു്! ഇതുകൂടായപ്പോൾ വൈരാഗ്യവാരാന്നിധിയുടെ അടിത്തട്ടിലെത്തിയ അന്തണൻ ആ നാടുവിട്ടു തീർത്ഥാടനം ചെയ്തു് ആപച്ഛാന്തിവരുത്തി ഇത്തരം കഠോരമായ സംസാരക്ലേശത്തിൽനിന്നു മുക്തിനേടുവാനായി തീർച്ചയാക്കി,യതിവേഷധരനായി പുറപ്പെട്ടു. സംസാരത്തിൻെറ

അസാരതയേയും അശാശ്വതത്വത്തേയും പററി സദാപി ചർച്ചചെയ്തു, ചിന്മയങ്കൽതന്നെ ചിത്തത്തെ ചേർത്തുറപ്പിച്ചു പുണ്യതീർത്ഥങ്ങളിൽ സ്നാനംചെയ്തും, മഹാക്ഷേത്രങ്ങളിൽ ഭജിച്ചും സ്ഥിരവാസമില്ലാതെ സഞ്ചരിച്ചു, ഭിക്ഷയിൽ കിട്ടിയതു ഭക്ഷിച്ചു തൃപ്തിനേടി, കാലംനയിക്കുക എന്ന ചര്യയെ സ്വീകരിച്ചു. അങ്ങിനെ നടക്കുന്ന കാലത്തു് ഒരുദിവസം മാർഗ്ഗമദ്ധ്യത്തിൽ തനിക്കു് എതിരായി നേരിട്ടുവരുന്ന ഒരു അതിതേജസ്വിയായ യുവാവിനെ ഈ യതീശ്വരന്ന കാണ്മാനിടയായി. കണ്ടമാത്രയിൽതന്നെ, ആ യുവാവു് ഇദ്ദേഹത്തിൻെറ മാനസം മുഴുവനും ആകർഷിച്ചു. അടുത്തുവന്ന യുവാവു്—"യതീശ്വരൻ, നമസ്കാരം. എന്താണു് ഭവാൻെറ മുഖത്തു് എന്തൊ അതികഠിനമായ ശോകരസംസ്ഫുരിച്ചു കാണുന്നതു്? അങ്ങയുടെ ആകൃതിയും തേജസ്സും കണ്ടാൽ അങ്ങക്കു് അതിന്ന ഒട്ടും അവകാശമില്ലതാനും," എന്നു് ഈഷൽസ്മിതത്തോടെ ചോദിച്ചു. ബ്രാഹ്മണൻ—"അപാരമായ ശോകസാഗരത്തിൽ മുങ്ങിക്കൊണ്ടാണു് എൻെറ ഇപ്പോഴത്തെ സ്ഥിതി. അതിൽനിന്നു മോചനം ലഭിക്കുവാൻ വേണ്ടിയാണു് ഈ വേഷവും പുറപ്പാടും."

യുവാവു്—"ഇത്ര വലിയ ഒരു സങ്കടം സംഭവിച്ചിട്ടുള്ളതെന്താണെന്നു് എന്നോടു ദയവായിപ്പറയാമെങ്കിൽ, പറഞ്ഞാൽ കൊള്ളാം."

ബ്രാഹ്മണൻ തൻെറ കഥ മുഴുവനും ചുരുക്കിപ്പറഞ്ഞു യുവാവിനെ ധരിപ്പിച്ചപ്പോൾ ആ യുവാവാകട്ടെ "അതു ഞാനാണു ചെയ്തതു്. അങ്ങയുടെ ആപത്തിന്നു മുഴുവനും ഹേതുഭൂതൻ ഞാൻതന്നെയാണു്" എന്നു ചിരിച്ചുകൊണ്ടറിയിച്ചു. ഇതു കേട്ടപ്പോൾ, ഏററവും വിസ്മയാകുലനായി യുവാവിൻെറ വാക്കിൽ ലേശവും വിശ്വാസംവരാതെ "നിങ്ങൾ ആരാണു്?" എന്നു ചോദിച്ചു. അതിനുത്തരമായി "ഞാൻ അങ്ങയുടെ കർമ്മം" എന്നു മറുപടി പറഞ്ഞു. അത്ഭുതവും ആവേശവും ശതഗുണീഭവിച്ച യതിവർയ്യൻ "എന്നാൽ ഞാൻ എങ്ങനെ മരിക്കും" എന്നു ചോദിച്ചു.

യുവാവു്—"അങ്ങ കാശിയിൽ ഗംഗാനദിയിൽ മുതലപിടിച്ചു മരിക്കും."

ബ്രാഹ്മണൻ—"അതു കൂടാതെ കഴിക്കാമോ എന്നു നോക്കട്ടെ. ഇതിൽ ഞാൻ അങ്ങയെ ജയിക്കുന്നുണ്ടു്."

യുവാവു്—"അസാദ്ധ്യമായ കാർയ്യത്തിൽ അതിമോഹം കാണിച്ചതുകൊണ്ടു വിഡ്ഢിയാവുകമാത്രം കലാശം വന്നുകൂടും."

ബ്രാഹ്മണൻ—"ആട്ടെ, കാണാം." ഇത്രയും പറഞ്ഞു അവർ പിരിയുകയും, ഉടനെ യുവാവു് അന്തർഭവിക്കുകയും ചെയ്തു.

ബ്രാഹ്മണനാകട്ടെ, അനേകം പുണ്യസ്ഥലങ്ങളിൽ സഞ്ചരിച്ചെങ്കിലും കാശീനഗരത്തിൽ മാത്രം കാലെടുത്തുവെക്കാതെ തന്നെയിരുന്നു. സകലലോകൈകനാഥനായ മൃത്യുഞ്ജയമൂർത്തി കാശീവിശ്വനാഥനേയും,

സവ്വമംഗളമംഗല്യയും മുക്തിപ്രദായിനിയുമായ ഗംഗാദേവിയേയും ചെന്നു വന്ദിക്കാത്തതിൽ അദ്ദേഹത്തിന്ന് അത്യന്തം മനസ്താപമുണ്ടായിരുന്നു. പക്ഷെ എന്തുചെയ്യാം, കർമ്മത്തോടു പൊരുതിയിട്ടല്ലെ ഇരിപ്പു, എന്നു വെച്ചു സമാധാനിച്ചു. അങ്ങനെ നടക്കുന്ന കൂട്ടത്തിൽ കാശീരാഷ്ട്രത്തിൽ കമലാപുരിയെന്ന പട്ടണത്തിലെത്തി. കാശീരാജാവു് അക്കാലത്തു് അവിടെയാണു താമസിച്ചിരുന്നതു്. ബ്രാഹ്മണൻ അവിടെ ഒരു അഗ്രഹാരത്തിൽ ചെല്ലുവാനും, ജനങ്ങൾ അദ്ദേഹത്തെ കാണുവാനും, അദ്ദേഹത്തിന്റെ മഹിമയും ബ്രാഹ്മണ്യവും കണ്ടു്, രോഗശാന്തി, കാര്യസാദ്ധ്യം, ആപന്നിവാരണം എന്നിത്യാദികൾക്കു അദ്ദേഹത്തിനെക്കൊണ്ടു ജപഹോമാദികൾ ചെയ്യിപ്പിക്കുവാനും, സകലക്കും അഭീഷ്ടവിഷയത്തിൽ സമ്പൂർണ്ണഫലപ്രാപ്തിവരുവാനും ഇടയായി. ഇതു കാരണം അദ്ദേഹത്തിന്നു അവിടെ അല്പം ദിവസങ്ങൾ വസിക്കേണ്ടതായിവന്നു. അതിനിടയിൽ അദ്ദേഹത്തിന്റെ യോഗ്യതകൾ രാജാവിന്റെ കണ്ണുപുടങ്ങളിൽ എത്തുവാനും സംഗതിവന്നു. അതീതമദ്ധ്യവയസ്കനായിട്ടും സന്താനാവാപ്തിയില്ലാതെ സങ്കടപ്പെട്ടുകൊണ്ടിരിക്കുന്ന ആ രാജാവു് ഉടൻതന്നെ ബ്രാഹ്മണനെ തന്റെ കോവിലകത്തേക്കു ക്ഷണിച്ചുവരുത്തുകയും, ആദരഭക്തിബഹുമാനപുരസ്സരം പൂജിക്കുകയും ചെയ്തു. അദ്ദേഹത്തോടു തന്റെ സങ്കടത്തെ അറിയിക്കുകയും, അതു തീർത്തുതരുന്നതിന്ന് അപേക്ഷിക്കുകയും ചെയ്തു.

നമ്മുടെ യതിവര്യൻ രാജാവിന്റെ അപേക്ഷയെ കൈക്കൊണ്ടു രാജമന്ദിരത്തിൽ പൂജപ്പുരയിൽ താമസിച്ചു നാല്പത്തൊന്നു ദിവസം ഒരു ഹോമവും നെയ്ജപവും നടത്തുകയും ദിവസവും രാജ്ഞി ആ ജപിച്ച നെയ്യ് സേവിക്കുകയും ചെയ്തു. അതോടുകൂടി രാജ്ഞി ഗർഭവും ധരിച്ചു. സന്തുഷ്ടനായ രാജാവു് യതീശ്വരനോടു രാജമന്ദിരത്തിൽതന്നെ താമസിച്ചു ഗർഭപരിപുഷ്ടിക്കും പ്രജ പുരുഷപ്രജയാകുവാനും വേണ്ടിയ കർമ്മങ്ങൾ ചെയ്തുതരുന്നതിനും നിർബന്ധിച്ചതിനാൽ, അദ്ദേഹം അതുപ്രകാരം അവിടെത്തന്നെ താമസിച്ചു. ഗർഭം പരിപൂർത്തിയായി രാജ്ഞി ദിവ്യതേജസ്വിയായ ഒരു കുമാരനെ പ്രസവിച്ചു. രാജാവിന്ന് അളവററ ആനന്ദമുണ്ടായി, യതീശ്വരനിൽ എന്തെന്നില്ലാത്ത ഭക്തിയും, സ്നേഹവും, ബഹുമാനവും ജനിച്ചു. പുത്രന്റെ വിദ്യാഭ്യാസവുംകൂടി യതീശ്വരൻതന്നെ നടത്തിത്തരണമെന്നും അതുവരെയെങ്കിലും അവിടെയിരിക്കണമെന്നും രാജാവു് അപേക്ഷിച്ചപ്പോൾ, അതു് അത്ര സമ്മതമായി യതീശ്വരൻ സ്വീകരിച്ചില്ല. പക്ഷെ, രാജാവിന്റെ സ്നേഹപൂർണ്ണമായ ശാഠ്യവും പ്രേരണയും വിനീതമായ അപേക്ഷയുംകൊണ്ടു് അദ്ദേഹത്തിന്നു സമ്മതിക്കേണ്ടിവന്നു. അദ്ദേഹം കോവിലകത്തു് സ്ഥിരവാസക്കാരനായി രാജകുമാരന്റെ വിദ്യാഭ്യാസത്തിൽ പ്രവേശിച്ചുകൂടി. രാജകുമാരൻ സകലശാസ്ത്രങ്ങളിലും, ആയുധവിദ്യകളിലും കലകളിലും അചിരേണ അദ്വിതീയപാണ്ഡിത്യം നേടി. അതുപോലെതന്നെ ആചാര്യനിൽ പിതൃനിർവ്വിശേഷമായ ഭയഭ

കതിബഹുമാനസ്നേഹാദികളും അദ്ദേഹത്തിനുണ്ടായി. പക്ഷെ, അച്ഛനെ വിട്ടുപിരിഞ്ഞിരുന്നുവെന്നു വന്നേക്കാം, എന്നാലും ആചാൎയ്യനെ പിരിഞ്ഞിരിക്കുക എന്നതു രാജകുമാരന്നു അസാദ്ധ്യംതന്നെയായിരുന്നു. എന്തു തന്നെ വേണമെങ്കിലും ആചാൎയ്യന്റെ അനുമതിയും അനുഗ്രഹവും സാന്നിദ്ധ്യവും കൂടാതെ ചെയ്ക പതിവില്ലെന്നമട്ടായി.

അങ്ങനെ ദിവസങ്ങൾ ഗമിച്ചു. രാജകുമാരനു പതിനെട്ടുവയസ്സായി. അക്കാലത്തു് ഒരുദിവസം കാശീപുരിയിൽനിന്നു ചില പൌരപ്രധാനികൾ രാജസന്നിധിയിൽ വന്നു, കാശിയിൽ രണ്ടു കക്ഷികൾ തമ്മിൽ മത്സരം മുഴുത്തിരിക്കുന്നുവെന്നും അവൎക്കു് അതു തീൎക്കുവാൻ സാധിക്കുന്നില്ലെന്നും, രാജാവുതന്നെ എഴുന്നള്ളി നേരെയാക്കിയില്ലെങ്കിൽ കാൎയ്യം നേരെയാവില്ലെന്നും രാജാവിനോടു ഉണൎത്തിച്ചു. പ്രായാധിക്യംകൊണ്ടു താൻതന്നെ ചെന്നു കാൎയ്യം ശരിപ്പെടുത്താൻ തനിക്കാവില്ലെന്നും സേനയോടുകൂടി മന്ത്രിയെ അയയ്ക്കാമെന്നും രാജാവരുളിച്ചെയ്തപ്പോൾ, അവർ വിനീതമായി അതുകൊണ്ടാവില്ലെന്നും, രാജാവുതന്നെ എഴുന്നള്ളണമെന്നും നിൎബന്ധിച്ചു കൂടി. ഒടുവിൽ രാജാവു തന്റെ പുത്രനെ അയയ്ക്കാമെന്നു തീരുമാനിക്കുകയും കാശിയിൽനിന്നു വന്നവർ അതു സമ്മതിക്കുകയും ചെയ്തു. പുത്രനോടു രാജാവു വിവരം പറഞ്ഞപ്പോൾ, ആചാൎയ്യൻകൂടെ വരണമെന്നും അല്ലാതെ അദ്ദേഹത്തെ വിട്ടുപിരിഞ്ഞു താൻ പോകയില്ലെന്നും ശാഠ്യമായി. വിവരം ആചാൎയ്യനോടു് അറിയിച്ചപ്പോൾ തന്റെ കൎമ്മവാക്യമോൎത്തു് ആചാൎയ്യൻ കാശിയിലേക്കു പോവുക എന്നതുണ്ടാവുകയില്ലെന്നായി. പുത്രൻ പോകാതെ തരമില്ലെന്നു രാജാവു്; ആചാൎയ്യൻകൂടാതെ താൻ പോകയില്ലെന്നു രാജകുമാരൻ; താൻ വരില്ലെന്നു ആചാൎയ്യൻ; ഇങ്ങനെ വഴക്കും വാദവുമായി. ആചാൎയ്യനോടു പുണ്യതമമായ കാശിയിലേക്കു വരില്ലെന്നു പറയുന്നതു പാപമല്ലേ എന്നു ചോദിച്ചാൽ മറുപടിയുമില്ല. കാരണംകൂടാത്ത പ്രവൃത്തി ശരിയല്ലെന്നു മററു രണ്ടുപേരും വാദിച്ചു. ഒടുവിൽ കാശിയിൽപോയാലും ഗംഗാതീരത്തിലേക്കുകൂടി പോകാതെ ഗൃഹത്തിൽതന്നെ അടച്ചിരുന്നാൽ കൎമ്മത്തിനു കാൎയ്യം സാധിക്കില്ലല്ലോ എന്ന ധൈൎയ്യത്തോടെ, ആചാൎയ്യൻ രാജകുമാരനൊത്തു കാശിയിലേക്കു പോകാമെന്നു സമ്മതിച്ചു.

രാജകുമാരനും യതീശ്വരനുംകൂടി കാശിയിലേക്കു പുറപ്പെട്ടു. കാശിയിൽചെന്നു അല്പദിവസത്തിനുള്ളിൽ രാജകുമാരൻ രാജ്യത്തെ കലഹം നിറുത്തി ക്ഷേമവും സമാധാനവും സ്ഥാപിച്ചു. കുറച്ചുദിവസവുംകൂടി അവിടെ താമസിച്ചിട്ടു തിരിച്ചുപോകാമെന്നുറച്ചു രണ്ടുപേരും കാശിയിൽതന്നെ കൂടി. അങ്ങനെയിരിക്കുമ്പോൾ ഒരു സോമഗ്രഹണം ഉണ്ടായി. ഗ്രഹണം കഴിഞ്ഞു ശുദ്ധമണ്ഡലം കണ്ടു അശുദ്ധി കളയുവാൻ രാജകുമാരൻ ഗംഗാനദിയിലേക്കു സ്നാനത്തിനു പുറപ്പെട്ടു് ആചാൎയ്യനെ വിളിച്ചപ്പോൾ, താൻ വരികയില്ലെന്നു തീൎച്ചയായിട്ടും ആചാൎയ്യൻ പറഞ്ഞു. ഗ്രഹണത്തിന്റെ അശുദ്ധികളയുവാനുള്ള സ്നാനം; സൎവ്വപാപപരിഹൎത്രിയായ സാക്ഷാൽ ഗംഗാനദി; കാൎയ്യാകാൎയ്യവിവേചനവാസമായ ആചാ

ൎയ്യൻ—കുമാരന്ന് ആചാൎയ്യന്റെ ഈ ആശ്ചൎയ്യകരമായ ശാഠ്യത്തിന്റെ കാരണമോ ഉദ്ദേശമോ, ഒന്നും മനസ്സിലാകാതെ അത്യന്തം അമ്പരന്നു വശായി. കുമാരൻ അത്ഭുതാവിഷ്ടനായി അതിവിനയത്തോടെ ഈ ശാഠ്യത്തിന്റെ ശരിയായ ഹേതുവെന്തെന്നു തന്നോടു പറയണമെന്ന് ആചാൎയ്യനോടു നിർബന്ധമായി. ഒടുവിൽ നിവൃത്തിയില്ലാതെ ആചാൎയ്യൻ വാസ്തവസംഗതികൾ മുഴുവനും കുമാരനെ ധരിപ്പിച്ചു. അദ്ദേഹമാകട്ടെ, ഇതു കേട്ടപ്പോൾ പെട്ടെന്നൊന്നു മന്ദഹസിച്ചു ഗുരുനാഥനോട് ഇപ്രകാരം പറഞ്ഞു. "അല്ല! ഇത്രയേയുള്ളു! ഈ ആപത്തിനെത്തടുത്തു ഭയം നീക്കുന്നതിനാണോ പ്രയാസം! ജലത്തിൽനിന്നു രണ്ടാൾ ഉയരത്തിൽ കനത്ത ഇരുമ്പുകമ്പികൊണ്ടുള്ള വേലി തീരത്തിന്റെ മൂന്നു ഭാഗത്തിൽ ജലത്തിൽ ഉടനെ കെട്ടിക്കാം. വേലിക്കകത്തു വേലിയോടുചേൎന്നു തമ്മിൽ മുട്ടിക്കൊണ്ട് ആയുധപാണികളായി സൈന്യങ്ങളും വെള്ളത്തിൽ ഇറങ്ങി നില്ക്കട്ടെ. എന്നാൽപിന്നെ മുതലയെപ്പേടിയെന്നുള്ളത് ലേശംപോലും വേണ്ടല്ലൊ. എന്നാൽ സ്നാനമരുതെ?" ആചാൎയ്യനു അതും അത്ര സമ്മതമായില്ലെന്നും ഭയം തീരുന്നില്ലെന്നും കുമാരനോടു പറഞ്ഞു. കുമാരൻ അതു അൎത്ഥമില്ലാത്ത ഭയമാണെന്നും മററും വാദിച്ച്, ഒടുവിൽ ആചാൎയ്യനേക്കൊണ്ടു മനസ്സില്ലാമനസ്സോടെ സ്നാനംചെയ്യാമെന്നു സമ്മതിപ്പിച്ചു.

വേലികെട്ടി സൈന്യങ്ങളെ യഥാവിധി നിറുത്തിയശേഷം, രാജകുമാരൻ ആചാൎയ്യനോടൊന്നിച്ചു തന്നെ സ്നാനത്തിനു പുറപ്പെട്ടു. നദീതീരത്തിങ്കൽ ചെന്നു ശൌചാദികൾ ചെയ്തശേഷം സ്നാനത്തിനു ഒന്നിച്ചു തന്നെ രണ്ടുപേരും ജലത്തിലേക്കിറങ്ങി. മുട്ടിനുവെള്ളത്തിലായപ്പോൾ, "ചിത്രാൽചിത്രതരം!" "ഇതിലധികം പുനരെന്തൊരുകൗതുകം", എന്നുംമററും വൎണ്ണിക്കത്തക്ക വിധത്തിൽ ഒരു സംഗതി സംഭവിച്ചു. അതേവരെ അത്യന്തസുന്ദരമനുഷ്യരൂപം ധരിച്ചിരുന്ന രാജകുമാരൻ, അതാ, അൎദ്ധനിമിഷസമയത്തിനുള്ളിൽ അതിഭയങ്കരമായ നക്രരൂപമാകുന്നു! ഉടനെ ആചാൎയ്യനെ ഗ്രസിച്ചുകൊണ്ടു വേലിയുടെ മുകളിൽക്കൂടി നദീമദ്ധ്യത്തിലേക്കു ചാടുന്നു! ചാടുമ്പോൾ ഇപ്രകാരം പറകയും ചെയ്യുന്നു. "അല്ലയോ ബ്രാഹ്മണ! കാശീരാജാവിനു തന്റെ സുതൻ പിതൃക്രിയ ചെയ്വാൻ യോഗമില്ല. എന്നാൽ അങ്ങയുടെ ഹോമാദിസൽകൎമ്മങ്ങൾക്കു ഫലം കൂടാതെയും കഴികയില്ല. അതുകൊണ്ട് അങ്ങയുടെ കൎമ്മമായ ഞാൻ ആ രാജാവിന്റെ പുത്രനായി ജനിച്ചു, അങ്ങയെ കാശിയിൽ വരുത്തി ഗംഗാനദിയിലിറക്കി ഇതാ, നക്രമായി അങ്ങയെ ഗ്രസിച്ചു അങ്ങയുടെ ഇഹലോകവാസം അവസാനിപ്പിക്കുന്നു. ആരാണു ജയിച്ചത്, അങ്ങയൊ അങ്ങയുടെ കൎമ്മമോ?"

———

# നൂർജിഹാൻെറ ജനനം.

(തെക്കേക്കുന്നത്തു കല്യാണിക്കുട്ടിയമ്മ.)

1. ചവിട്ടിയാൽ മുട്ടുവരെയ്ക്കുതാഴ
മന്തംപെടാത്താമരുഭൂമിതന്നിൽ
ഇണങ്ങിയൊററക്കുതിരപ്പുറത്തു
കേറിത്തിരിക്കുന്നിതു രണ്ടുപാന്ഥർ.

2. ഒരാളതിൽതൻപരിപൂർണ്ണഗർഭ
ഭാരത്തിനാൽ ക്ലാന്തശരീരയായി
അടുത്തിരിക്കും കമനൻെറ തോളി
ലാസ്യാർപ്പണംചെയ്തു കുനിഞ്ഞുവാഴ്വൂ.

3. ബന്ധുക്കൾതന്നിഷ്ടവിരോധിയായ
വിവാഹബന്ധത്തിലെടുത്തുചാടി
അഹോ, പരിത്യക്തരിവർക്കുകണ്ടി
ല്ലന്യാവലംബം ജഗദീശനെന്യേ.

4. അത്യാഹിതത്താൽ നിജതാത്തർവംശ
ക്കാരായ ബന്ധുക്കളെ വിട്ടിവണ്ണം
രാഗാന്ധമാമാമിഥുനംമുറയ്ക്കു-
ന്നേകാന്തസഞ്ചാരമെടുത്തുകഷ്ടം !.

5. ആഹാരമില്ലാതതിവേഗമേതു
മനുഷ്യരാലും കഴിയാത്തമട്ടിൽ
നില്ക്കാതെയുള്ളോരു സവാരിമൂന്നു
നാളായിതന്നേയ്ക്കവർ ചെയ്യുതേവം.

6. സൂര്യൻപടിഞ്ഞാറു തിരിഞ്ഞുമന്ദ
മൊട്ടൊട്ടിറങ്ങിത്തുടരുമ്പൊഴയ്ക്കും
അശ്വത്തിനും ദമ്പതിമാർക്കുമേറെ
തളർച്ചയും ദാഹവുമുത്ഭവിച്ചു

7. പോരുന്നനേരത്തു കുറച്ചുവെള്ളം
തോൽസഞ്ചിയിൽകൊണ്ടു തിരിച്ചതെല്ലാം
ശേഷിപ്പൊരെററും കരുതാതശേഷം
തലേദ്ദിനംതന്നെ കുടിച്ചുതീർന്നു.

8. നട്ടുച്ചനേരം കനൽപോലെചുട്ടു
പഴുത്തമണ്ണിൽ പദമൂന്നിയേവം
നടന്നുതോററ,സ്തമനത്തിനല്പം
മുൻപാഹയം കാലുമടങ്ങിവീണു.

9. യഥാർത്ഥരാഗത്തെ മറച്ചിടാതെ
മാനിച്ചൊരിസ്സാധുജനത്തിനെന്തെ
ജഗൽപിതാവീവിധമുള്ള കഷ്ട
പ്പാടായിട്ടും ശിക്ഷകൊടുത്തതാവോ?

10. കനിഞ്ഞുതാന്മൂന്നുലകും ഭരിക്കും
കാരുണ്യധാമാവിവർ തന്റെദുഃഖം
കാണാഞ്ഞതാവില്ല,വിടത്തെമായാ
വിധങ്ങൾ നമ്മൾക്കറിവാൻഞെരുക്കം.

11. അശ്വത്തൊടൊപ്പം ധരയിൽപതിച്ച
പാന്ഥദ്വയത്തിൽ പുരുഷൻക്ഷണത്തിൽ
ഗർഭാർത്തയാംതൻ കമനിക്കുകൊച്ചു
ക്കുടാരമാവാസമതിന്നുതീർത്തു.

12. നിലത്തുതെല്ലൊന്നു കുഴിച്ചുതന്റെ
കുടയ്ക്കൂഴം കാലതിലൂന്നിനിർത്തി
മീതെവിരിപ്പിട്ടു ചമച്ചവീട്ടിൽ
കിടത്തിനാൻ തൻപ്രിയപത്നിയാളെ.

13. ആപത്തു കൂട്ടത്തൊടുകൂടിവന്നി
ങ്ങാപിക്കുമെന്നുള്ള പഴമ്പ്രമാണം
ദൃഷ്ടാന്തമാക്കി പ്രസവത്തിനുള്ളൊ
രാരംഭവും ഹാ! തരുണിക്കണഞ്ഞു.

14. ദാഹിച്ചുതന്നോമനസൂതികാല
ത്താഹന്തപാരം പ്രലപിച്ചിടുമ്പോൾ
സഹിക്കവെയ്യാതെഴുനീറ്റുതീവ്ര
കുഠാരിയുംകൊണ്ടു കുതിച്ചുകാന്തൻ.

15. കഴിഞ്ഞകാലങ്ങളിലൊക്കയുംതൻ
ഭാരം വഹിച്ചോരവശൻഹയത്തെ
ഭ്രാന്തന്റെമട്ടോടിയടുത്തു കുത്തി
ക്കൊന്നാക്കടുഞ്ഞോര കരത്തിലാക്കി.

16. പ്രേമാകുലൻ പാന്ഥനടൻതിരിച്ചു
പോന്നായതോ മൽപ്രിയതന്റെവായിൽ
ഒഴിച്ചു,ദാഹം കുറെയൊന്നുമാറീ
പെൺകുഞ്ഞിനേപ്പെറ്റു മരിച്ചുതന്വീ.

17. വിടർന്നചെന്താമരപോൽ വിളങ്ങും
കട്ടക്കിടാവിൻ കമനീയദേഹം
കണ്ടാശ്വസിച്ചപ്പഥികൻ പ്രിയാന്തം
കൊണ്ടാളുമല്ലൽക്കുപശാന്തിയാന്നു.

18. അട്ടത്തൊരേടത്തു കുഠാരികൊണ്ടു
കുഴിച്ചുകാന്താമൃതദേഹമായാം
മറച്ചു, പാവം കിളിപോൽകിടന്നു
കരഞ്ഞിടും കുഞ്ഞിനെയൊന്നെടുത്തു.

19. സർവ്വത്തിനും സാക്ഷിസമസ്തനാഥ
നാദിത്യനപ്പോളുദയാദ്രിയെത്തി
ഒന്നിച്ചുവന്നാർ വഴിപോക്കരഞ്ചെ
ട്ടാളാവഴിക്കൊട്ടകവൃന്ദമേറി.

20. ആപത്തിനെദ്ദൈവഹിതപ്രകാരം
കടഞ്ഞെടുത്തോരമൃതിനുതുല്യം
വിളങ്ങിടുംകുഞ്ഞിനു പാൽകൊടുത്താ
രാവന്നുചേൎന്നോർ കൃപയോടുകൂടി.

21. അക്രൂട്ടരൊത്തൊട്ടകമേറി ഡൽഹി
യെത്തിക്ഷണംതാനൊരുവീടുവാങ്ങി
പ്രിയാവിയോഗാൽപ്പരിതപ്തനാമാ
മൎത്ത്യൻ വളൎത്താൻനിജപുത്രിയാളെ.

22. ഈവണ്ണമാപൽപ്രകരത്തിനുള്ളിൽ
ജനിച്ചകുഞ്ഞാണു, ജഗത്തശേഷം
യശോഭരത്താൽ തെളിയിച്ച'നൂർജി
ഹാ'നെന്ന ലോകപ്രഭയായറാണി.

---

## തീപ്പെട്ട ശ്രീ സർ രാമവർമ്മ ജി. സി. ഐ. ഇ. വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടു്.

—:o:—

കൊച്ചീരാജ്യമൊട്ടുക്കു അടുത്തു മുമ്പായി ഏതൊരു മഹാനുഭാവന്റെ നിൎയ്യാണംകൊണ്ടു ശോകസാഗരത്തിൽ നിമഗ്നമായോ—ഏതോരു സംഭവംകൊണ്ടു മകരമാസത്തിൽ വലത്തു ചെകിടത്തു അടികൊടുത്തതുകൊണ്ടു കൊച്ചിയെ സങ്കടം അനുഭവിപ്പിച്ചതു പോരെന്നുവെച്ചു മീനത്തിൽ, അതെ കഷ്ടിച്ചു രണ്ടുമാസത്തിനുള്ളിൽ, അതുപോലെ ഇടത്തേച്ചെകിടത്തും ഹതാശനായ വിധി അടിച്ചുവോ—ഏതൊരു പുണ്യനാമധേയനോടു നാടുമുഴവനും പ്രത്യേകിച്ചു നമ്മുടെ ഈ കലാശാലയും പലവിധത്തിലും കടപ്പെട്ടിരിക്കുന്നുവോ—പോരാ, ഈ മാസിക ഏതൊരു രാജൎഷിയുടെ ഷഷ്ടിപൂൎത്തിസ്മാരകമായിത്തുടങ്ങി രക്ഷാകൎത്തൃത്വത്തിൽ വളൎന്നുപോന്നി

രുന്നുവോ—ആ പൊന്നുതിരുമേനി പതിനേഴുകൊല്ലം മനോഹരമായി രാജ്യം പരിപാലിച്ചശേഷം ഈ കഴിഞ്ഞ മീനം പന്ത്രണ്ടാന്തിയ്യതി സ്വർഗ്ഗഗതി പ്രാപിച്ചു. രാജ്യഭാരം മാതുലനിൽനിന്നു കയ്യേല്ക്കുന്നതിന്നു മുമ്പും, അതു കഴിഞ്ഞിട്ടും രണ്ടുപ്രകാരത്തിലും പ്രശസ്തിയും പ്രജാസ്നേഹബഹുമാനവും സമ്പാദിച്ച സൽപുരുഷൻെറ ചരമം ഏതൊരുവനും വ്യസനത്തെ ജനിപ്പിക്കുന്നതാണ്. ഈ തിരുമേനിയെപ്പററിയുള്ള സ്മരണംതന്നെ പുണ്യമാണ്.

ശ്രീമാൻ എന്ന നിലയിൽ അവിടത്തെ നിരൂപിക്കയാണെങ്കിൽ, രാജകുടുംബത്തിൽ അതിശ്രീമാനായിട്ടും താൻ തൊട്ടതൊക്കെ പൊന്ന് എന്നു സകലരാലും സമ്മതിക്കപ്പെട്ടവനായിട്ടും ആയ ദേഹമായിരുന്നു തിരുമേനി. ആശ്രിതവാത്സല്യത്തെപ്പററിപ്പറയുന്നതായാൽ, അവിടത്തെ സ്നേഹത്തോടെ സേവിച്ച ഏതൊരുവനും മേലിൽ പരസേവയും പരാശ്രയവും കൂടാതെ കഴിയാമെന്ന സുഖസ്ഥിതിയിലായിട്ടുണ്ട്. നരപതി ആയിട്ടു നോക്കുന്നതായാൽ, കരുണ, കാൎയ്യബോധം, മുൻകരുതൽ എന്നിത്യാദി രഞ്ജനഗുണങ്ങൾ തിരുമേനിയിൽ വിളയാടിയിരുന്നു. "തമ്പുരാനു കണ്ണീർ കാണുക വയ്യാ, അപ്പോഴെക്കും കരളലിയും" എന്നു നാട്ടുമുഴവനും പാട്ടായിരുന്നുവെന്നു തന്നെ പറയാം. ദാനങ്ങളിൽവെച്ചു ഉത്തമദാനം, ജീവദാനവും, ത്രാണങ്ങളിൽവെച്ച് ആൎത്തത്രാണവും ആണെങ്കിൽ, ഈ തീപ്പെട്ട തമ്പുരാൻ വിഷചികിത്സകൊണ്ടു രണ്ടിലും അഗ്രഗണ്യൻ തന്നെയായിരുന്നു. തിരുമുമ്പിൽചെന്ന് ഏതൊരുവനും തൻെറ സങ്കടം ഉണൎത്തിച്ചാൽ അതിന്നൊരു നിവൃത്തി അവിടുന്നു അരുളിച്ചെയ്യുമെന്നു പലൎക്കും അനുഭവമായിരുന്നു. പ്രതാപഭ്രമമോ, ആഡംബരപ്രിയമോ ലേശം ദീക്ഷിക്ക പതിവില്ലാത്തതുകൊണ്ട്, ആരുചെന്നു രണ്ടുവാക്കു സംസാരിക്കുമ്പോഴെക്കും, അയാൾക്കുണ്ടാകുന്ന സ്വാസ്ഥ്യതയും സന്തോഷവും അനിൎവ്വചനീയമായിരുന്നു.

തിരുമനസ്സുകൊണ്ട് ആയിരത്തിമുപ്പത്തിനാലാമാണ്ടു കന്നിമാസം അത്തം നക്ഷത്രത്തിൽ അവതരിച്ചു. യഥാകാലം വിദ്യാഭ്യാസത്തിൽ പ്രവേശിച്ച അവിടത്തെ ആദിപഠനം നിൎവ്വഹിച്ചതു കുലഗുരുവായ കല്ലേങ്കര അച്ചുതപ്പിഷാരടിയായിരുന്നു. കാവ്യനാടകാദികളിൽ പരിജ്ഞാനംവന്നശേഷം അവിടുന്നു ശാസ്ത്രപഠനത്തിനാരംഭിച്ചു. ഉപരിശാസ്ത്രപാഠം തൎക്കശാസ്ത്രത്തിലും, ഗുരു പ്രസിദ്ധതാൎക്കികകേസരി ഭീമാചാൎയ്യരും ആയിരുന്നു. സംസ്കൃതത്തിൽ എന്നപോലെ ഇംഗ്ലീഷിലും യഥാവിധി അവിടുന്നു വിദ്യാഭ്യാസം സമ്പാദിച്ചു. ആ വിഷയത്തിൽ ഗുരുക്കന്മാരായിട്ടു വൈറവുസായ്യ്, ശങ്കരനാരായണച്ചെട്ടിയാർ, നാരായണയ്യർ തുടങ്ങിയവരായിരുന്നു. ഇംഗ്ലീഷിൽ എഴുതുവാനും വായിപ്പാനും സംഭാഷണം ചെയ്യാനും സുഗമതയും സിദ്ധിച്ചു. എന്നാൽ തിരുമനസ്സിലേക്കു ഏററവും അഭീഷ്ടമായ വിഷയങ്ങൾ കണക്കും ജ്യോതിഷവും ആയിരുന്നു. ഇതിൽ രണ്ടിലും ചെട്ടിയാർ അദ്ധ്യാപകനായിരുന്നു. ഈ പഠനങ്ങളോടു കൂടിത്തന്നെ പരോപകാരവിഷയങ്ങളിലും തിരുമനസ്സുകൊണ്ടു ജ്ഞാനം

സമ്പാദിക്കുവാൻ നിശ്ചയിച്ചു, വിഷവൈദ്യവും ബാലചികിത്സയും സുപ്രസിദ്ധ അവതാരപുരുഷനെന്നു പ്രശസ്തിനേടിയ കോക്കരനമ്പൂരിയുടെ അടുക്കലും, അഷ്ടാംഗഹൃദയം ഇളയേടത്തു തൈയ്ക്കാട്ടു ഇട്ടീരിമൂസ്സവർകളുടെ അടുക്കലും പഠിച്ച്, അസാധാരണപാണ്ഡിത്യം സമ്പാദിച്ചു. പ്രത്യേകിച്ചും വിഷചികിത്സയിൽ അവിടുത്തെ തിരുനാമം രാജകുടുംബത്തിലേക്കെന്നല്ല, വിഷവൈദ്യകുടുംബത്തിലേക്കും ഒരു നല്ല മാതൃകയായി ആചന്ദ്രതാരം വർത്തിക്കുന്നതാണ്. മരുന്നും ശുശ്രൂഷയും തൻെറ സ്വന്തം ചിലവിന്മേൽ നടത്തി എത്രപേരുടെ ജീവനാണ് അവിടുന്നു രക്ഷിച്ചിരിക്കുന്നതു്! ഭൂതലക്ഷണാദികളിൽ അവിടുന്ന് എത്ര അത്ഭുതപ്രയോഗങ്ങളാണു കാട്ടിയിരിക്കുന്നതു്! ഇക്കാലത്തുതന്നെ 'കാര്യസ്ഥതയിൽ കരകണ്ട ജ്ഞാന'വും കരസ്ഥമാക്കി.

ഇതിൻെറ ഫലമായി ആജീവനാന്തം തിരുമനസ്സുകൊണ്ടു് ഇക്കാര്യങ്ങളിൽ പ്രയത്നിക്കുകയും പല യശഃസ്തംഭങ്ങൾ സ്ഥാപിക്കയും ചെയ്തിട്ടുണ്ടു്. തിരുമനസ്സിലെ ഉത്സാഹത്തിന്മേലാണ് രാജകുഡുംബാംഗങ്ങൾ എല്ലാവരും കലാശാലാബിരുദസമ്പാദനത്തിനു പഠിക്കണമെന്നും, അല്ലാതെ എഴുതാനും വായിക്കാനും പഠിച്ചു പഠനസമാപ്തിവരുത്തിയാൽ പോരാ എന്നും തീർച്ചയാക്കിയതും, അതിന്നുവേണ്ട പരിഷ്കാരങ്ങൾ അന്നത്തെ മഹാരാജാവു തിരുമനസ്സുകൊണ്ടു നടത്തിയതും. നമ്മുടെ കലാശാലയിൽ ആദ്യമായി ഒരു 'സ്കാളർഷിപ്പു' സ്ഥാപിച്ചതും അതു മലയാളത്തിൽ പ്രാവീണ്യത്തിനെന്നും കല്പിച്ചതും അവിടുന്നാണ്. അതുവരെ 'സെകൻഡുഗ്രെഡ്' ആയിരുന്ന കലാശാല 'ഫസ്റ്റ്ഗ്രെഡ്' ആയതും, അതിന്നുവേണ്ടിയ പല പരിഷ്കാരങ്ങളും ചെയ്തതും അവിടുത്തെ ഭരണത്തിലാണ്. പരീക്ഷാർത്ഥമായി ഓരോ താലൂക്കിലും ഓരോ വിഷവൈദ്യനെ നിയമിച്ചതും, അവൎക്കു മരുന്നുകൾ തൻെറ നിവാസസ്ഥലത്തുവെച്ചു തന്നെയുണ്ടാക്കിക്കൊടുത്തതും അവിടുത്തെ എഴുപതാമത്തെ തിരുവയസ്സനുസരിച്ചു കല്പിച്ച അനുഗ്രഹമാണ്. പഞ്ചായത്തും മുൻസിപ്പാലിററിയും പരിഷ്കരിക്കുക, നിയമനിർമ്മാണസഭ ഏർപ്പെടുത്തുക, പത്തുറുപ്പികയിൽ കുറഞ്ഞ സക്കാർ ശമ്പളക്കാരോ, അഞ്ചുറുപ്പികയിൽ കുറഞ്ഞ പെൻഷൻകാരോ ഉണ്ടാവരുതെന്നു തീരുമാനിക്കുക, എന്നിത്യാദി പല പ്രശംസനീയകല്പനകളും പ്രജാവത്സലനായ തിരുമേനി നാട്ടിന്നു നല്കിയിട്ടുള്ളതു് ഒരു കാലത്തും വിസ്മരിക്കവയ്യാത്തതാണ്. തിരുമേനിയുടെ കരുണാമസൃണമായ കടാക്ഷം ഇതുപോലെ സകലവിഷയങ്ങളിലും വ്യാപൃതമായിരുന്നു.

ഒരു സാധാരണപുരുഷൻ എന്നനിലയിലും അവിടുത്തെ യശസ്സ് അനശ്വരമായിരിക്കും. കുഴപ്പത്തിൽ കിടന്നു ക്ലേശിച്ചിരുന്ന അമ്മതമ്പുരാൻ പണ്ടാരവക ഭരണം തിരുമേനി കയ്യേററിട്ടു് അല്പംകൊല്ലം കഴിഞ്ഞപ്പോഴക്കു, ആൎക്കും ആവലാധിക്ക് അവകാശം കൊടുക്കാതെതന്നെ, തിരുമേനി സകലകലക്കങ്ങളും കുഴപ്പങ്ങളും തീർത്തു. ചിട്ടയും ചട്ടവും തിട്ടപ്പെടുത്തി, കണക്കൊക്കെ ശരിയാക്കി, കാൎയ്യം നന്നാക്കിയെന്നുതന്നെയല്ല,

മേലാൽ ഇത്തരം കുഴപ്പങ്ങൾ വരാതിരിപ്പാൻ വേണ്ട ഏർപ്പാടുകളും ചെയ്തു. പല കുഡുംബങ്ങളും, വ്യക്തികളും ധനസംബന്ധമായ കഷ്ടങ്ങളിൽ പെട്ടിട്ട്, അവിടുത്തെ ശരണം പ്രാപിച്ച്, അവിടുത്തെ ഉപദേശങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ചനുഷ്ഠിച്ചോ, അവിടുന്നു കാര്യം കയ്യേററ് അവിടുത്തെ ഭരണത്തിൻകീഴിൽ വർത്തിച്ചോ, കഷ്ടങ്ങൾ തീർന്നു സമൃദ്ധസ്ഥിതിയിൽ എത്തിയിട്ടുമുണ്ട്. ഇതിനെല്ലാററിനും അവിടുത്തേക്കു സമയം ഉണ്ടായിയെന്നുള്ളതു് അത്ഭ്യാശ്ചര്യംതന്നെയാണ്. പോരെങ്കിൽ, ഇവക്കു കൊടുക്കുന്ന ഉപദേശങ്ങളെ താൻതന്നെ പ്രയോഗത്തിൽ പ്രവർത്തിച്ചും പോന്നിരുന്നു. തന്റെ സ്വന്ത സ്വകാര്യതോട്ടത്തിൽ ശേവക്കാരോടൊപ്പം എന്നല്ല അതിലും അധികം, അവിടുന്നു മഹാരാജാവാവുന്നതുവരെ ദേഹാദ്ധ്വാനംകൂടി ചെയ്തിരുന്നു. സകലത്തിനും കണക്കും കണിശവുമുണ്ടായിരുന്നു. കാര്യംവിട്ടു കളിയില്ല, നിലവിട്ടു നടത്തവുമില്ല. ഇതുകൊണ്ടുതന്നെയായിരിക്കണം അവിടുന്നു ശ്രീപീഠത്തിന്മേൽ സുസ്ഥിതനാവാനിടയായതും.

ഇത്രയൊക്കെയായാലും അഭിമാനമോ ധാടിയോ അവിടുത്തെ ഒട്ടുംതന്നെ ബാധിച്ചിട്ടില്ലായിരുന്നു. ആക്കും കാണാം, സംസാരിച്ചുതുടങ്ങിക്കുറച്ചുകഴിഞ്ഞാൽ എന്തും പറയാം എന്നു കാണുന്നവക്കു തോന്നും. അവിടുന്നു പരമവിനീതനായി സംശയം തീക്കുവാൻ ചോദിക്കുന്നുവെന്നരീതിയിൽ അവരുടെ 'ഉള്ളു്' മുഴുവനും എടുക്കും, എന്നിട്ടു തന്റെ അഭിപ്രായം താഴ്ന്നമട്ടിൽ അവരോടും പറയും. അതുകൊണ്ടു തിരുമുമ്പിൽ ചെന്നാൽ ആരും മുഷിയുകയില്ല, അതുപോലെ എന്തുതന്നെ തിരുമനസ്സിലോട്ട് ഉണർത്തിച്ചാലും അവിടുത്തേക്കു കോപമോ, സ്തോഭഭേദംപോലുമോ ഇല്ല. എന്നാൽ കാര്യത്തിങ്കൽ അണുപോലും വിട്ടുകൊടുക്കുകയോ, വീഴ്ചവരുത്തുകയോ ഇല്ലതാനും. നന്നെ വെഴ്ചയായാൽ അവരോടു ചിലപ്പോൾ തന്റെ അഭിപ്രായരൂപത്തിൽ ചിലതു ചോദിക്കും; അവർ തിരുമനസ്സിലോട്ട് എതിർത്തു പറയുന്നതു വയ്യന്നുവിചാരിച്ച്, ചോദ്യം സമ്മതിക്കും; ഉടനെ അവിടുന്നു കാരണം ചോദിക്കും; ഇങ്ങനെ ഇട്ടുകുഴക്കി ഒടുക്കം അവരുടെ തെററിനെ നേരംപോക്കായിക്കാണിച്ചു കളിയാക്കുകയും ചെയ്യും. എന്നാൽ അതു് അതിയായ വേഴ്ച സമ്പാദിച്ചവരോടെയുള്ളൂ.

ഏവംവിധ വിവിധ ഗുണസമ്പന്നനായ തിരുമേനിയുടെ നിര്യാണം അവിടുത്തെ ഏതൊരു പ്രജയെയാണു സന്താപസാഗരത്തിൽ നിമഗ്നനാക്കാതിരിക്കുക? യശഃശരീരനായ തിരുമേനിയുടെ ആത്മാവിന്നു നിത്യശാന്തി നൾകുവാൻ ജഗന്നിയന്താവായ പൂർണ്ണത്രയീശൻ കടാക്ഷിക്കുമാറാകട്ടെ !.

---

## * ചിന്താഗതി.

(മാകന്ദമഞ്ജരി)

---

(പി. അച്യുതമേനോൻ, ക്ലാസ്സ് IV.)

ഹാ! കരഞ്ഞീടുന്നതെന്തിനു ഞാനതോ-
ർത്താകുമൊ ദുർവ്വിധിമാററീടുവാൻ
ശോകപ്പെരുങ്കടൽ കല്ലോലമദ്ധ്യത്തി-
ലാകുലപ്പെട്ടു തുഴയുമെന്ന്യേ
പോകട്ടെ ജീവിതത്തോണിയെന്നിച്ഛിച്ചു
ലോകൈകനായക,നെന്തുചെയ്‌വൂ (6)

ആകാശവീഥിതൻമേൽക്കോയ്മയായ്നിന്നൊ-
രാകമ്രതേജസ്സണഞ്ഞമട്ടായ്
ദീപ്രതനീങ്ങവേ, കേട്ടുഞാനമ്മയ്ക്കു
ദീനം കലശലാണെന്ന വൃത്തം
സൌശീല്യവല്ലരി പുഷ്പിച്ചോരോമന-
സ്സൂനത്തെ നുള്ളുവാനാർത്തിയോടെ
നീട്ടുകയായ്കരം കാലനതുകണ്ടു
വിട്ടുനെടുവീർപ്പുമാരുതൻതാൻ (14)

അമ്മ സ്വർഗ്ഗത്തിലേക്കെത്തുന്ന വൃത്താന്ത-
മിമ്മഹീതന്നിലുള്ളോരറിവാൻ,
മേഘനിർഘോഷപ്പെരുമ്പറകൊട്ടിച്ചു
മേഘവാഹൻ തദാമേദുരാഭം
കണ്ണുനീരൊട്ടൊട്ടുതൂകിയും, ഗോവിന്ദ
പുണ്യനാമങ്ങളെയുച്ചരിച്ചും
മന്ദംതടവിത്തുടങ്ങിഞാൻമാതാവിൻ
വന്ദ്യമായീടുന്ന പാദപത്മം. (22)

സാന്ത്വനവാക്കുകളോരോന്നുരക്കയായ്
ബന്ധുക്കളെൻസമീപത്തിലെത്തി
എന്തതിനാൽഫലം പൊന്തുന്നതീജ്വാല
ശാന്തമായീടുമോ നെയ്പകർന്നാൽ. (26)

കേട്ടുകയിലൊലി പൊൻചിലമ്പൊച്ച ഞാൻ
പെട്ടെന്നു പിന്തിരിഞ്ഞൊന്നുനോക്കി

---

* 1107 എടവമാസം 21-ാംനു- അകാലനിര്യാണം പ്രാപിച്ച പ്രിയമാതാവിൻെറ സ്മാരകമായി രചിച്ചതു്.

പിച്ചനടന്നു വരികയാണെന്നുടെ
കൊച്ചുസഹോദരി മന്ദമന്ദം.
അത്തളിർതൊത്തൊളി മേനിവിയൎത്തു തു-
മുത്തൊക്കും പല്ലു പുറത്തുകാട്ടി
ചിത്തംകവൎന്നിടും വാരിളംപുഞ്ചിരി
ചീൎത്തകുതുകേന തൂകിതൂകി,
ചേലിൽകൈത്താരിനാൽ തൂമുഖംപൊത്തിയെൻ
ചാരത്തുവന്നിതാ കോമളാംഗി
കൈകളെൻകണ്ഠത്തിൽ ചേൎത്തുപറകയാ-
ണാകുലമെന്തെന്നറിഞ്ഞിടാത്തോൾ (38)

"അല്ലാ, കരഞ്ഞീട്ടന്നെന്തിനു? നാമങ്ങൾ-
ചൊല്ലുവാൻ സന്ധ്യയല്ലല്ലൊയിപ്പോൾ,
ചുമ്മകിടക്കയൊ കണ്ണടച്ചെന്നമ്മ
യുമ്മവെച്ചിടട്ടെയമ്മയെഞാൻ
അച്ഛാ പശുവെകറക്കുകയമ്മക്കു
കാച്ചിയപാലേകാൻനേരമായി.
പാവയും പീപ്പിയും പന്തുംതരുന്നാകിൽ
പാടെ ഞാനോടികളിച്ചുകൊള്ളാം." (48)

ബാല്യമേ, നീയറിയുന്നതുണ്ടോ മന്നിൽ
മാലോരോന്നൊന്നും വരുന്നതയ്യോ
കണ്ണുനീർലോകം പൊഴിക്കുമ്പോൾ നിന്മുഖേ-
വെണ്ണിലാവോലുന്ന പുഞ്ചിരിതാൻ
മുററത്തെപ്പൂവനം തന്നിലെപൂക്കളെ
മുററുമറുത്തുനാം കൊണ്ടുപോയി
ക്ഷേത്രത്തിലെത്തിച്ചു ദേവനുചാൎത്തുന്നു
തൃപ്തരായങ്ങു മടങ്ങീടുന്നു.
ഏവംകൃതാന്തനും ഭൂലോകപ്പൂവാടി
ഏതുനേരത്തും തിരഞ്ഞുചെമ്മേ
സത്തുക്കളായിട്ടും പൂക്കൾപറിപ്പിച്ചെട്ടു
ത്തെത്തിപ്പൂസ്വൎഗ്ഗദേവാലയത്തിൽ
ഉമ്പർകോൻതൊട്ടുള്ള ദേവകൾപാദത്തി-
ലമ്പിലണച്ചു സംതൃപ്തികൊൾവൂ
ഇത്തത്വം നന്നായറികയാൽ ബാലികേ
തത്തിക്കളിക്കുവതായിടാം നീ. (64)

പച്ചിലപ്പാമ്പിനെ വാഴനാരാക്കംനിൻ
കൊച്ചുകരങ്ങൾ നീ കൊട്ടിയാൎത്തു്,

കേണീട്ടമെന്നെ നീ നോക്കിച്ചിരിക്കുന്നു
കൈകൾകൊട്ടീട്ടുന്നു, തുള്ളിട്ടുന്നു;
കാർവണ്ണമായകളെല്ലാമറിയും നീ
കേവലം മൂഢനാമെന്നെനോക്കി,
കൈകൊട്ടിയാക്കയൊ കുഞ്ഞുസഹോദരി
വാഴ്കനീ ദുഃഖമറിഞ്ഞിടാതെ. (72)

---

## പുസ്തകാഭിപ്രായം

——:o:——

### (൧.) ആരോഗ്യരക്ഷാവിധികൾ.

ശ്രീമാൻ ഡാക്ടർ എൽ. എ. രവിവമ്മ തമ്പുരാൻെറ 'ആരോഗ്യരക്ഷാവിധികൾ' എന്ന തലവാചകത്തിലുള്ള ലഘുപാഠവും, രണ്ടാംഭാഗവും ഞങ്ങളുടെ നിരൂപണത്തിനയച്ചുതന്നതു സസന്തോഷം കൈപ്പററിയിരിക്കുന്നു. മദിരാശി വൈദ്യകലാശാലയിൽ പ്രശസ്തമാംവണ്ണം പരീക്ഷയിൽ പ്രഥമസ്ഥാനം നേടി എം. ബി. സി. എം. ബിരുദവും അനേക സമ്മാനങ്ങളും വാങ്ങി, ബിലാത്തിയിൽ പോയി നയനചികിത്സയിൽ പ്രത്യേകപഠനം ചെയ്തു അവിടെനിന്നും ഡി. ഒ. എം. എസ്. ബിരുദവും, സമ്പാദിച്ചു ഇപ്പോൾ തിരുവനന്തപുരത്തു കണ്ണാശുപത്രിയിൽ പ്രധാന വൈദ്യനായിരിക്കുന്ന ദേഹമാണ് എൽ. എ. രവിവമ്മ തമ്പുരാൻ. വിശിഷ്യ, ആയുവ്വേദത്തിലും ആഴംകണ്ട അറിവും അദ്ദേഹം സമ്പാദിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ ആയുവ്വേദവും അല്ലോപ്പതിയും രണ്ടു വിരുദ്ധവൈദ്യശാസ്ത്രങ്ങളല്ലെന്നും ആയുവ്വേദത്തിൽനിന്ന് ഉത്ഭവിച്ചു പാശ്ചാത്യപരിഷ്കാരം സിദ്ധിച്ച ആയുവ്വേദസന്താനമാണ് അല്ലോപ്പതിയുമെന്നുമാണ്.

അതുകൊണ്ടു പാശ്ചാത്യപൌരസ്ത്യവൈദ്യന്മാക്കു തമ്മിൽ അന്യോന്യം കണ്ടുവരുന്ന മത്സരമോ, പുച്ഛമോ, ശകാരമോ ഒന്നും ഈ ഗ്രന്ഥകത്താവിൻെറ ചിത്തത്തേയോ ഹസ്തത്തേയോ മലീമസപ്പെടുത്തിയിട്ടില്ലെന്നുള്ള സുഖാവഹമായ സംഗതിയാണു പ്രസ്തുതഗ്രന്ഥങ്ങളിൽനിന്നു ആദ്യമായിത്തെളിയുന്നതു്. രോഗംകൂടാതെ ദേഹം രക്ഷിക്കുവാനുള്ള അല്ലോപ്പതിപ്രകാരവിധികളെക്കുറിക്കുകയാണ് ഈ രണ്ടു ഗ്രന്ഥങ്ങൾകൊണ്ടു ചെയ്തിട്ടുള്ളതു്. ലഘുപാഠം വ്യഷ്ടിപ്രധാനവും, രണ്ടാംഭാഗം സമഷ്ടിപ്രധാനവുമാണെന്നു ഗ്രന്ഥകാരൻ തന്നെ തലവാചകത്തിൽ പറഞ്ഞിട്ടുണ്ട്. രണ്ടിലും പാശ്ചാത്യവിധികളെ പ്രതിപാദിക്കുന്നതു പൌരസ്ത്യഭാഷയിലാണെന്നു തന്നെയല്ല, സാങ്കേതികശബ്ദങ്ങളും ശൈലികളും ആയുവ്വേദ

ഗ്രന്ഥങ്ങളിൽ പ്രയോഗിച്ചിട്ടുള്ള ശബ്ദങ്ങളും ശൈലികളുമാണ്. ഇത് ഏതാണ്ടു ഇദംപ്രഥമവും പ്രശംസനീയവും ആശാസ്യതമവും ആയ പ്രയത്നമാണെന്നുള്ളതിനു രണ്ടു പക്ഷമുണ്ടാവില്ലല്ലോ. രണ്ടുശാസ്ത്രവും ഒന്നൊന്നു തത്വവും സൂക്ഷ്മമായി ഗ്രഹിച്ച വൈദ്യനു 'ദ്വൈതീഭാവം വിട്ടു അദ്വൈതമായി' രണ്ടുംകൂടി ഒന്നിച്ചു പെരുമാറുവാൻ ലേശം പ്രയാസമില്ലല്ലോ. പിന്നെ, രണ്ടു ശാസ്ത്രത്തിന്റേയും 'കഴമ്പു'കണ്ട വൈദ്യനു ലളിതഭാഷയിൽ കാൎയ്യത്തിന്റെ സുഗമബോധം പാമരന്മാൎക്കുപോലും കൊടുക്കുവാനും എളുപ്പമാണ്. അതും ഈ ഗ്രന്ഥങ്ങളിൽ കാണുന്നുണ്ട്.

ലഘുപാഠം നാലും അഞ്ചും ക്ലാസ്സുകളിലേക്കായതുകൊണ്ട്, അതിൽ പറഞ്ഞിരിക്കുന്നതെല്ലാം ഏതാണ്ടു നിൎദ്ദേശാകൃതിയിലാണ്. ശരീരവും, ആരോഗ്യവും, ആഹാരം, വൃത്തിയും വെടിപ്പും, വ്യായാമം, ഉറക്കം, ശുദ്ധവായുവും സൂൎയ്യപ്രകാശവും, വസ്ത്രവും അലങ്കാരങ്ങളും, പകരുന്ന രോഗങ്ങളേയും മററും ഒഴിക്കാനുള്ള വഴികൾ, കുത്തിവെയ്പിന്റെ (വാക്സിനേഷൻ) യുക്തി, ഗൃഹരക്ഷ, എന്നു പത്തു പാഠങ്ങളായി ഈ ഗ്രന്ഥം വിഭജിക്കപ്പെട്ടിരിക്കുന്നു. 'നിത്യനിദാന' ജീവിതത്തിൽ ആരോഗ്യരക്ഷക്ക് അറിയേണ്ടതായ പാശ്ചാത്യശാസ്ത്രവിധികൾ ഒട്ടുമുക്കാലും ഇതിൽ ഒതുക്കിച്ചേൎത്തിട്ടുണ്ട്. അതു നാട്ടും നടപ്പും നല്ലവണ്ണം അനുസരിച്ചാണ് നിൎദ്ദേശിച്ചിട്ടുള്ളതും. അരോഗജീവിതത്തിനുള്ള അല്ലോപ്പതിനിയന്ത്രണകളെ 'അതിശമായി' ദേശീകരിച്ചിട്ടുണ്ടെന്നു ചുരുക്കിപ്പറഞ്ഞാൽ മതിയല്ലോ. "അലങ്കാരങ്ങളിൽ ഒന്നായ കണ്ണെഴുത്ത് വളരെ ആപല്ക്കരമാണെ"ന്ന് എഴുതിയിരിക്കുന്നതും പേപ്പട്ടിചികിത്സയിൽ "ഇങ്ങനെ ചെയ്യാതെ നാടൻസമ്പ്രദായത്തിൽ ചികിത്സിക്കാൻ പുറപ്പെട്ടാൽ ആപത്തായിരിക്കും ഫലം" എന്നു പറഞ്ഞിരിക്കുന്നിടത്തു 'നാടൻ സമ്പ്രദായം' എന്ന പദം കൊണ്ടു വിവക്ഷിച്ചിരിക്കുന്നതും തെററാണെന്നു തോന്നിപ്പോകും, അല്ലെങ്കിൽ അവിശദം എന്നു പറയാതെ തരമില്ല. അതുപോലെ സൎപ്പചികിത്സാസന്ദൎഭത്തിൽ 'വിഷവൈദ്യന്റെയൊ പാശ്ചാത്യവൈദ്യന്റെയൊ' എന്നു കുറിച്ചിരിക്കുന്നതിൽ നിന്നു പാശ്ചാത്യവൈദ്യൻ വിഷവൈദ്യനല്ലെന്നു അഭിപ്രായപ്പെട്ടിരിക്കയാണെങ്കിൽ അയാൾ എങ്ങനെ വിഷബാധ ചികിത്സിക്കുമെന്നും ഞങ്ങൾക്കു മനസ്സിലാകുന്നില്ല. ഇത്തരം ചില സംശയങ്ങൾക്ക് ഇടതരുന്ന ഭാഗങ്ങൾ രണ്ടാംപതിപ്പിൽ തീൎക്കുമെന്നു വിശ്വസിക്കുന്നു.

രണ്ടാം ഭാഗത്തിന്റെ രചന ശാസ്ത്രീയരീതിയാലാണ്, വെറും നിൎദ്ദേശങ്ങളല്ലാതെ സംഗതികൾ കാൎയ്യകാരണപ്രകാരേണയാണു പ്രതിപാദിക്കപ്പെട്ടിട്ടുള്ളത്. മനുഷ്യശരീരം, ജലം, വായു, ശുചീകരണം, വാസസ്ഥ, ശീതോഷ്ണാവസ്ഥ, ആഹാരം, സാംക്രമികരോഗങ്ങളും നിവാരണോപായങ്ങളും, രോഗബീജനാശനം, ദിനചൎയ്യ, പള്ളിക്കൂടക്കുട്ടികളുടെ ആരോഗ്യം, എന്നിങ്ങനെ പതിനൊന്നദ്ധ്യായങ്ങളായിട്ടാണ് ഈ ഗ്രന്ഥം വിഭജിച്ചിരിക്കുന്നത്. ഇതുകൊണ്ടു ആരോഗ്യശാസ്ത്രത്തിൽ അറിയേണ്ടതു മുഴുവനും

അടങ്ങിയിട്ടുമുണ്ട്. വിഭാഗങ്ങളും ശാസ്ത്രീയവും രസാവഹവുമായിട്ടുണ്ട്. വലിച്ചുവാരി വളച്ചുകെട്ടി വല്ലാതാക്കിത്തീക്കുകയോ, അതും ഇതും ഒക്കെ ഒന്നൊഴിയാതെ വേണ്ടതും വേണ്ടാത്തതും കുത്തിച്ചേത്തു ഒന്നുമല്ലാതാക്കിവാക്കുകയൊ ഒന്നും ഈ ഗ്രന്ഥത്തിൽ ഇല്ലെന്നുള്ളതാണ് ഇതിൻെറ ഉത്തമഗുണം. അവശ്യം അറിയേണ്ടതും അറിഞ്ഞാൽ കായ്യത്തിന്നു വേണ്ടിടത്തോളമായുള്ളതും മാത്രമാണു ഗ്രന്ഥകാരൻ പ്രതിപാദിച്ചിട്ടുള്ളതു്. വിഷയം ഗഹനമായതുകൊണ്ട് രീതി ഒന്നാം ഭാഗത്തിലെപ്പോലെ ലളിതമല്ലെങ്കിലും, ഒട്ടും ശുഷ്കമോ അസുഗമമോ ആയിട്ടില്ല. വിവരിച്ചിട്ടു വിധിച്ചിട്ടുള്ള നിർദ്ദേശങ്ങൾ അധിക ആയാസംകൂടാതെ അനുഷ്ഠിക്കത്തക്ക മട്ടിലായിട്ടുമുണ്ട്. അല്പം ആലോചിച്ചു കായ്യം ഗ്രഹിക്കണമെന്നേയുള്ളൂ. പ്രതിപാദനക്രമംകൊണ്ടു കഠിനവിഷയങ്ങളും കണ്ണിപ്പുകൂടാതെ ബോദ്ധ്യം വരുത്തത്തക്കതുമാണ്.

ഇത്തരത്തിലുള്ള പുസ്തകങ്ങൾ പാഠശാലയിലെന്നല്ല, പ്രാണൈഷണയിൽ പ്രവേശിച്ചിട്ടുള്ളവരുടെ കയ്യിലും വേണ്ടതാണ് എന്നു സധൈര്യം ഞങ്ങൾ പറയുന്നു. വിദ്യാത്ഥികൾ വിശേഷിച്ചും ഇതു പഠിക്കേണ്ടതാണ്. ഈ ഗ്രന്ഥങ്ങൾക്കു സവ്വപ്രചാരവും സകലപ്രശസ്തിയും ലഭിക്കുവാനും ഈ ഗ്രന്ഥകത്താവിൻെറ തൂലികയിൽനിന്നും ഇതുപോലെതന്നെ 'നയനരക്ഷ' തുടങ്ങി പല വൈദ്യഗ്രന്ഥങ്ങൾ പുറപ്പെട്ടുകാണുവാനും ഞങ്ങൾ പ്രാത്ഥിക്കുന്നു.

———:o:———

## (൨.) സാഹിത്യമഞ്ജൂഷിക.

——:o:——

വിപുലമായ പഠനംകൊണ്ടും വിശാലമായ പരിശീലനംകൊണ്ടും പണ്ഡിതവയ്യന്മാരിൽ ഒരാളെന്നു പേരുകേട്ടിട്ടുള്ള ശ്രീമാൻ വടക്കംകൂർ രാജരാജവമ്മരാജാവവർകളാണ് പ്രസ്തുതഗ്രന്ഥത്തിൻെറ കത്താവ്. നാലു ഭാഗങ്ങളായിട്ടാണ് ഗ്രന്ഥം വിഭജിച്ചിരിക്കുന്നതു്; സംസ്കൃതചമ്പുക്കളും ഭാഷാചമ്പുക്കളും; ഭാഷാപദ്യസാഹിത്യം 1000–1100; മഹാകവി രാമപാണിവാദൻ; ഭാഷാവിഷയം. ഈ ഭാഗങ്ങളിൽ ഒടുക്കത്തേതും നാലായി അവാന്തരവിഭാഗം ചെയ്തിട്ടുണ്ട്: നാനാത്ഥങ്ങളുടെ ഏകാത്ഥത; ഭാഷീകൃതസംസ്കൃതപദങ്ങൾ; വ്യുല്പത്തിവിചാരം; ഭാഷാസംസ്കരണം.

ആകപ്പാടെ പറയുന്നതായാൽ ഗ്രന്ഥത്തിലെ വിഷയങ്ങൾ അതിൻെറ നാമധേയത്തെ യഥാത്ഥീകരിക്കുന്നുണ്ടെന്നു പറയാം. ആഴത്തിൽ അവഗാഹനവും ചെയ്തിട്ടുണ്ട്. വളരെ നല്ലതും അറിയേണ്ടതും ആയ അഭിപ്രായങ്ങൾ ഉദ്ധരിച്ചിട്ടുമുണ്ട്. ചമ്പുക്കളേപ്പററി പടത്തിപ്പിടിച്ചു ചെയ്തിട്ടുള്ള, ചച്ചകൾ വായിക്കേണ്ടതുതന്നെയാണ്. കഥകളിയുടെ മഹിമയേയും അതിനെ പുനജ്ജീവിപ്പിക്കേണ്ടതിനുള്ള പരിശ്രമത്തേയും പററി പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങളോടു ഞങ്ങൾ അക്ഷരംപ്രതി

യോജിക്കുന്നുണ്ട്. വിവൎത്തനങ്ങളുടെ നിരൂപണവും നന്നായിട്ടുണ്ട്. രാമപാണിവാദൻ കുഞ്ചൻനമ്പ്യാരല്ലെന്നു തന്നെ സ്ഥാപിച്ചു, രാമപാണിവാദന്റെ കൃതികളെ അവലോകനം ചെയ്തിരിക്കുന്നതു സാരവത്തും പ്രകൃഷ്ടവും ആയിരിക്കുന്നു. നാലാം ഭാഗത്തിലെ അഭിപ്രായങ്ങൾ മുക്കാലും ഇപ്പോഴും വാദപരിധിയിൽതന്നെ ഇരിക്കുന്നതാകകൊണ്ട്, അവ മററുള്ളവൎക്ക് പരിചിന്തനത്തിനു നല്ല സാമഗ്രിയേയും നല്കുന്നുണ്ട്.

എന്നാൽ ഈ ഗ്രന്ഥത്തിലെ പല അഭിപ്രായങ്ങളോടുകൂടി യോജിക്കുവാൻ ഞങ്ങൾ ധൈൎയ്യപ്പെടാതെയുമുണ്ട്. ഗ്രന്ഥകൎത്താവിന്റെ ശബ്ദഭ്രമം അല്പം അതിരുകവിഞ്ഞിട്ടുണ്ടെന്നു തോന്നുന്നു. ശബ്ദസുഖം മാത്രമുണ്ടായാൽതന്നെ ഒരു കാവ്യത്തിനു പ്രശസ്തിയായിയെന്നും ശ്ലേഷാശ്ലേഷമോ യമകഭൂഷണമോ മാത്രം ഉണ്ടെങ്കിൽ മററു പല ദോഷങ്ങളും ക്ഷന്തവ്യമാകുമെന്നും സമ്മതിക്കുവാൻ വഴി കാണുന്നില്ല. മാഘനിൽ എത്രയോ താഴെയാണു മേപ്പത്തൂർഭട്ടതിരി എന്നുള്ള അഭിപ്രായത്തോടു ഞങ്ങൾ യോജിക്കാത്തതു ഭിന്നരുചിമാത്രമായിരിക്കാം. ചാക്യാൎക്കു വേണ്ടിയാണു ഭാഷാചമ്പുക്കൾ ഉണ്ടായിട്ടുള്ളതെന്നുള്ള അഭിപ്രായം ഗ്രന്ഥകൎത്താവു പറയുന്ന കാരണങ്ങൾകൊണ്ടു മാത്രം പണ്ഡിതലോകം സ്വീകരിക്കുമെന്നു തോന്നുന്നില്ല. ചാക്യാർകൂത്തു കണ്ടു നല്ല പരിചയമുള്ളവർ ചിലർ ഈ അഭിപ്രായം തീരെ അബദ്ധമെന്നുകൂടി പറയുമായിരിക്കാം. അതുപോലെതന്നെ 'നൈഷധചമ്പു' ഒഴിച്ചു മററു ചമ്പുക്കളുടെ കൎത്താവു പുനമാണെന്നു പറയുന്നതും ശരിയാണെന്നു പറയുവാൻ ഗ്രന്ഥംകൊണ്ടു കാരണം കാണുന്നില്ല. നേരെ മറിച്ചു 'അതെ' എന്നു സ്ഥാപിക്കുവാൻ കാണിച്ചിട്ടുള്ള കാരണങ്ങളിൽ ചിലതു 'അല്ല' എന്നുകൂടി തെളിയിക്കുന്നില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. സാമൂതിരിയുടെ സേവകനായ പുനം രാജരത്നാവലീയം എഴുതിയതുകൊണ്ടു കൊച്ചി മഹാരാജാവിന്റേയും ആശ്രിതനായിരുന്നുവെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നുവെന്നു ഗ്രന്ഥത്തിൽ കാണുന്നതുതന്നെ ഒരു ഉദാഹരണമാണ്. രണ്ടു രാജാക്കന്മാരുടേയും സേവകനായിട്ടു വരുവാൻ തരമില്ലാത്തതുകൊണ്ടു രാജരത്നാവലീയകൎത്താവു പുനമല്ലെന്നല്ലേ വരുന്നതു്? ൟ 1000–1100 ഈ കാലത്തിനിടയിൽ കഥകളി അഭിവൃദ്ധിപ്രാപിച്ച ഒരു പ്രധാനസാഹിത്യശാഖയെന്നു പറഞ്ഞിരിക്കുന്നതും നല്ല ശരിയായോ? ആ പ്രസ്ഥാനത്തിന്റെ പൂൎവ്വചരിത്രം വായിച്ചാൽ അതു ഇക്കാലത്തു തലയൊന്നു അല്പം പൊക്കുവാൻ നോക്കിയെന്നു മാത്രമല്ലേ ഉള്ളു? മഹാകാവ്യങ്ങൾ മുഴുവനും ദോഷകലുഷിതമാണെന്നു നവീനമതം ഉൽഘോഷിക്കുന്നുണ്ടോ? പാശ്ചാത്യനിരൂപണങ്ങളെ അടിസ്ഥാനമാക്കി പുറപ്പെട്ടിരിക്കുന്ന നവീനമതം കാളിദാസാദികവികളുടെ കൃതികൾക്കു ദോഷം കല്പിക്കുന്നില്ല. നളോദയം, രാഘവപാണ്ഡവീയം തുടങ്ങിയ അന്തിമകാവ്യങ്ങളെക്കുറിച്ചാണ് ഈ ദോഷാരോപണം ചെയ്യുന്നതു്. അതും ശരിയല്ലെന്നു ഗ്രന്ഥകൎത്താവു് അഭിപ്രായപ്പെടുന്നെങ്കിൽ അതിനോടു് ഞങ്ങൾ യോജിക്കാത്തതും ഭിന്നരുചിയായിരിക്കാം. രസസ്ഫൂൎത്തിയില്ലാതെ ശബ്ദങ്ങളെക്കൊണ്ടും അലങ്കാരങ്ങളെക്കൊണ്ടും ഉള്ള ചെപ്പിടിക്കളികൾ കൃത്രിമങ്ങളാണെന്നു പറഞ്ഞാൽ തെററുണ്ടോ?

'ലഘുകാവ്യങ്ങൾ ലഘുക്കളായ കാവ്യങ്ങളാകുന്നു' എന്നും അതിൽ 'മഹാകവികൾ തങ്ങളുടെ വിസ്തൃതമായ പാണ്ഡിത്യത്തേയും പരിശ്രമത്തേയും സമപ്പിക്കുന്നതു് ഒരു വലിയ അപരാധമാകുന്നു' എന്നുമ്മററും ഖണ്ഡകാവ്യപ്രസ്ഥാനത്തെപ്പററിപ്പറയുന്ന അഭിപ്രായങ്ങളോടു ചേരുന്നതിന്നും ഞങ്ങളുടെ മനസ്സു സമ്മതിക്കുന്നില്ല. ഉള്ളൂർ, വള്ളത്തോൾ, ആശാൻ തുടങ്ങിയ സുഗൃഹീതനാമാക്കളുടെ സാരസ്വതവിലാസത്തിന്റെ ക്രുത്തരങ്ങായ ഖണ്ഡകാവ്യങ്ങൾകൊണ്ടു് അവക്കു തെററുപററിയെന്നു തോന്നുന്നില്ല. സംസ്കൃതനാടകങ്ങൾ ഭാഷയിൽ വിവത്തനം ചെയ്യുന്നതു ഭാഷാപോഷണത്തിന്നു ആവശ്യമാണു്. പക്ഷെ രംഗപ്രയോഗത്തിനു് ഇക്കാലത്തെ മനോഗതിയനുസരിച്ചു കൊള്ളില്ലെന്നു പറയുന്നതിൽ തമിഴുനാടകത്തേയും അതിലെ സീനുകളേയും ഗാനത്തേയും കുററപ്പെടുത്തുക വയ്യ. സംസ്കൃതനാടകങ്ങൾക്കു ആധുനികലോകക്രമമനുസരിച്ചു സ്വാഭാവികത്വം ഇല്ലെന്നുള്ള വാസ്തവം മറക്കത്തക്കതല്ല. 'കുമാരനാശാന്റെ പ്രസ്ഥാനം ആശാനു വളരെ പരാജയം ഉണ്ടാക്കിയിരിക്കുന്നു', മനശ്ശാസ്ത്രത്തിന്റെ പ്രാഥമികതത്വങ്ങളെക്കൂടി ആശാൻ വിസ്മരിച്ചതായി കാണുന്നു' എന്നിത്യാദി വചനങ്ങൾ വളരെ സഹൃദയന്മാർ സ്വീകരിക്കുമോ എന്നു സംശയമാണു്. 'പുരാണമിത്യേവനസാധുസർവ്വം നചാപികാവ്യംനവമിത്യവദ്യം' എന്നു ഗ്രന്ഥകത്താവിനെ ഞങ്ങൾ ഓപ്പിച്ചുകൊള്ളുകമാത്രമല്ലാതെ ആശാന്റെ കവിതാഗുണത്തെക്കുറിച്ചു ദീഘമായി നിരൂപണംചെയ്യുന്നതായാൽ അതു ഇവിടെ അസ്ഥാനത്തിലാകുമല്ലൊ. അതുപോലെതന്നെ ഗ്രന്ഥകത്താവിനു പച്ച മലയാളത്തോടുള്ള ദുരഭിപ്രായവും കുറച്ചധികം തന്നെയാണെന്നു തോന്നുന്നുണ്ടു്.

പദ്യസാഹിത്യനിരൂപണത്തിൽ പാന, തുള്ളൽ, വഞ്ചിപ്പാട്ടു് എന്നു ചില ദ്രാവിഡവൃത്തകൃതികളെപ്പററി മാത്രം ചിലതു പറഞ്ഞു മററുള്ളവയെ സ്പശിക്കപോലും ഗ്രന്ഥകത്താവു ചെയ്യാത്തതെന്തെന്നു മനസ്സിലാകുന്നില്ല. ഗാഥ, കേക, അന്നനട, കുമ്മി, കുറത്തി, തുടങ്ങിയ രീതികളും ഇക്കാലത്തു നല്ല പുഷ്ടിയെ പ്രാപിച്ച സാഹിത്യശാഖകളാണല്ലൊ. പച്ചമലയാളത്തിനോടുള്ളതുപോലെ ദ്രാവിഡവൃത്തങ്ങളോടും കവിക്കു വൈരാഗ്യമില്ലെന്നു ഞങ്ങൾ വിശ്വസിക്കുന്നു. 'കുഞ്ചൻനമ്പ്യാക്കു സംസ്കാരശുദ്ധിയില്ലാ എന്നും' 'തോന്നിയതു തോന്നിയപോലെ പറയുക എന്നാണു നമ്പ്യാരുടെ മതം' എന്നും പറഞ്ഞതു സഹൃദയന്മാക്കു സമ്മതമാകുമോ, രസകരമാകുമോ എന്നു ഞങ്ങൾക്കു വളരെ സംശയമാണു്. ഇത്ര ജീവനുള്ള കവിത കണ്ടിട്ടില്ലെന്നു പല സഹൃദയശിരോമണികളും അഭിപ്രായപ്പെട്ടിട്ടുള്ളതിനെയാണു ഞങ്ങൾ ഇവിടെ അനുസ്മരിക്കുന്നതും ഗ്രന്ഥകത്താവിനോടു അറിയിക്കുന്നതും.

'നാനാത്ഥങ്ങളുടെ ഏകാത്ഥത' എന്ന വിഷയത്തിൽ സങ്കല്പത്തിനു നിരങ്കുശത്വം കൊടുത്തു വിട്ടിട്ടുള്ള കല്പനകളാണു. 'ദുഷിച്ച നീരുമൂലമുണ്ടാകുന്നതിനാൽ നീരിനു ഈ അത്ഥം (ശോഫം) വന്നു' എന്നുള്ള മനോധമ്മകല്പന ഈ നിരങ്കുശത്വത്തിനു് ഒരു ഉദാഹരണമാണു്.

ഈ നിരൂപണം ഇത്രത്തോളം ദീൎഘിച്ചതു ഗ്രന്ഥത്തിൻെറ 'ഗുണാംശത്തെ നിവൃത്തിയുള്ളിടത്തോളവും കാണ്കയില്ലെന്നുള്ള കക്ശവ്രതമോ' 'പുരുഷദോഷപരങ്ങളായ അയുക്തവാക്പ്രയോഗങ്ങളോ' അല്ലെന്നും, ഗ്രന്ഥത്തിൻെറ വൈശിഷ്ട്യംകണ്ടു സന്തോഷിച്ചു അതിൽ അല്പവും കരടു കാണാതെ രണ്ടാംപ്രതി പുറത്തുവരണമെന്നുള്ള മോഹംകൊണ്ടു ഞങ്ങൾക്കു വാസ്തവമായിത്തോന്നുന്ന അഭിപ്രായങ്ങൾ—ഗുണംവാ ദോഷംവാ—തുറന്നുപറയേണ്ടതു അത്യാവശ്യമാണെന്നുംവെച്ചു ചെയ്തതാണ്.

———:o:———

## ഭാഷാസാഹിത്യമണ്ഡലം.

( വിദ്യാൎത്ഥികാൎയ്യദശി. )

കോളേജ് "ഭാഷാസാഹിത്യമണ്ഡല"ത്തിൻെറ ആഭിമുഖ്യത്തിൽ 1107 മിഥുനം 30-ാംനു- ബുധനാഴ്ച 4—5 ന് കോളേജ്ഹാളിൽവെച്ച് ശ്രീമാൻ പി. എം. ശങ്കരൻ നമ്പ്യാർ എം. എ. എൽ. ററി. യുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടുകയും താഴെ പറയുന്നവരെ ഇക്കൊല്ലത്തെ നിൎവ്വാഹകസംഘാംഗങ്ങളായി തിരഞ്ഞെടുക്കുകയും ചെയ്തു.

ശ്രീമാൻ കെ. കേശവൻനായർ—അദ്ധ്യക്ഷൻ.
,, കെ. നാരായണമേനോൻ, ബി. എ.—ഉപാദ്ധ്യക്ഷൻ.
,, എൻ. ബാലകൃഷ്ണൻനായർ എം. എ.—അദ്ധ്യാപകകാൎയ്യദശി.
,, വി. ടി. ശ്രീധരമേനോൻ എം. എസ്സ്. സി.—ഖജാൻജി.

അദ്ധ്യാപകാംഗങ്ങൾ.

മഹാമഹിമശ്രീ കേരളവൎമ്മ അമ്മാമൻ തമ്പുരാൻ തിരുമനസ്സുകൊണ്ട് ബി. എ. ബി. എൽ.

ശ്രീമാൻ. പി. എം. ശങ്കരൻനമ്പ്യാർ എം. എ. എൽ. ററി.
,, പി. എസ്സ്. അനന്തനാരായണ ശാസ്ത്രികൾ.
,, പി. നാരായണമേനോൻ ബി. എ. ഓണേഴ്സ്.
,, കെ. ജെ. അഗസ്റ്റിൻ എം. എ. ഓണേഴ്സ്, എൽ. ററി.
,, പി. അച്യുതമേനോൻ Class IV.
,, വി. രാമൻമേനോൻ. ,,
,, പി. മുരളീധരമേനോൻ Class III.
,, വി. ജി. പത്മനാഭൻ ,,
,, കെ. ബാലകൃഷ്ണമേനോൻ Class II.
,, ജി. ഭാസ്കരമേനോൻ ,,
,, എം. മാധവമേനോൻ Class I.
,, എ. ബാലകൃഷ്ണമേനോൻ ,,

ശ്രീമതി. ടി. തങ്കം. } വിദ്യാൎത്ഥിനി അംഗങ്ങൾ.
,, എം. ജെ. മാർഗററ്റ്. }

വിദ്യാൎത്ഥികാൎയ്യദൎശിയെ തിരഞ്ഞെടുപ്പാനും മണ്ഡലകാൎയ്യങ്ങളെക്കുറിച്ചാലോചിക്കുന്നതിനും മററുമായി അടുത്തുതന്നെ നിർവാഹകസംഘാംഗങ്ങളുടെ ഒരു യോഗം കൂടേണ്ടതാണെന്നു തീരുമാനിച്ചും അന്നത്തെ അദ്ധ്യക്ഷനു് നന്ദിപ്രദൎശിപ്പിച്ചും അന്നത്തെയോഗം പിരിഞ്ഞു.

പൊതുയോഗത്തിലെ തീൎപ്പനുസരിച്ചു് 1107 കൎക്കടകം 5-ാംനു-ബുധനാഴ്ച ഹിസ്റ്ററിഹാളിൽവെച്ചു നിർവാഹകസംഘാംഗങ്ങളുടെ ഒരു യോഗം കൂടുകയും ഐകകണ്ഠ്യേന ശ്രീമാൻ പി. അച്യുതമേനോനെ (Class IV) വിദ്യാൎത്ഥികാൎയ്യദൎശിയായി തിരഞ്ഞെടുക്കുകയും താഴെ പറയുന്ന പ്രമേയങ്ങൾ പാസ്സാക്കുകയും ചെയ്തു.

1. “ഭാഷാസാഹിത്യമണ്ഡലത്തിന്റെ ആവിൎഭാവം മുതൽ അതിന്റെപേരിൽ മാതൃനിർവിശേഷമായ വാത്സല്യം പ്രദൎശിപ്പിക്കയും മണ്ഡലംവക വാൎഷികപരീക്ഷകളിൽ വിജയം സമ്പാദിക്കുന്ന വിദ്യാൎത്ഥിനികൾക്കും സമാജകാൎയ്യങ്ങളിൽ ഏററവും ഉത്സാഹിക്കുന്ന ഒരു വിദ്യാൎത്ഥിക്കും സ്വന്തംവകയായി ഓരോ സമ്മാനങ്ങൾ പ്രതിവൎഷം നല്കാമെന്നേല്ക്കുകയും ചെയ്തിരിക്കുന്ന ശ്രീമതി വി. കെ. ലക്ഷ്മിക്കുട്ടിനൈത്ത്യാരമ്മ അവർകളുടെ പേരിൽമണ്ഡലത്തിനുള്ള അകൈതവമായ കൃതജ്ഞതയെ രേഖപ്പെടുത്തിക്കൊള്ളുന്നു.” ഈ പ്രമേയത്തിന്റെ ഒരു പ്രതി ശ്രീമതി ലക്ഷ്മിക്കുട്ടിനൈത്ത്യാരമ്മക്കയച്ചുകൊടുപ്പാൻ സിക്രട്ടറിയെ ഭാരമേല്പിച്ചു.

വൎഷംതോറും ഓരോ ഉപന്യാസപരീക്ഷ നടത്തേണ്ടതാണെന്നും അതിൽ വിജയിആകുന്ന വിദ്യാൎത്ഥിക്കു് നല്ലതായ ഒരു സമ്മാനം നല്കേണ്ടതാണെന്നും അതിലേക്കു 10 ക. താൻ സംഭാവന ചെയ്യുന്നതാണെന്നും മററും കാണിച്ചു് മഹാമഹിമശ്രീ അമ്മാമൻതമ്പുരാൻ തിരുമനസ്സുകൊണ്ടവതരിപ്പിച്ച പ്രമേയത്തോടു് മററംഗങ്ങൾ യോജിക്കുകയും ഉപന്യാസവിഷയത്തേയും നിയമങ്ങളേയും രൂപീകരിക്കുന്നതിനു് ഒരു ഉപസംഘത്തെ നിശ്ചയിക്കുകയും മണ്ഡലത്തിന്റെ ഇക്കൊല്ലത്തെ പ്രാരംഭയോഗം അടുത്തുതന്നെ കൂടേണ്ടതാണെന്നു തീരുമാനിക്കുകയും ചെയ്തതിനുശേഷം അന്നത്തെ യോഗം പിരിഞ്ഞു.

———:o:———